Deivarajyam March 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/3/2015
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

LOVE NEVER ENDS

വാല്യം 54
മാർച്ച് 2015
ലക്കം 3



# ദൈവരാജ്യം

**OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM**

**Vol. LIV** **No. 3** **March 2015**


## ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാലസന്ദേശം – 2015

*നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ. 5:8).*

**പ്രിയ സഹോദരീസഹോദരന്മാരേ,**

നോമ്പുകാലം മുഴുവൻ സഭയുടെയും നവീകരണകാലമാണ്, ഓരോ സമൂഹത്തിന്റെയും ഓരോ വിശ്വാസിയുടെയും നവീകരണകാലം. സർവോപരി അത് "കൃപാവരത്തിന്റെ കാലമാണ്" (2 കോറി 6:2). ദൈവം ആദ്യം നമുക്കു നല്കാത്തതൊന്ന് നമ്മിൽനിന്ന് ആവശ്യപ്പെടുന്നില്ല. "അവിടന്ന് ആദ്യം നമ്മെ സ്നേഹിച്ചു. അതുകൊണ്ട് നാം അവിടത്തെ സ്നേഹിക്കുന്നു" (1 യോഹ 4:19). അവിടന്ന് നമ്മിൽ നിന്ന് അകന്നു നില്ക്കുന്നില്ല. അവിടത്തെ ഹൃദയത്തിൽ നമുക്ക് ഓരോരുത്തർക്കും സ്ഥാനമുണ്ട്. അവിടന്ന് നമ്മുടെ പേര് അറിയുന്നു. അവിടന്ന് നമ്മെ കാത്തുസൂക്ഷിക്കുന്നു. നാം അവിടന്നിൽ നിന്ന് അകന്നുപോകുമ്പോൾ അന്വേഷിച്ചുവരുന്നു. നമ്മിൽ ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടത്തേക്കു താത്പര്യമുണ്ട്. നമുക്കു സംഭവിക്കുന്നതിനെ സംബന്ധിച്ച് നിസ്സംഗതപുലർത്താൻ അവിടത്തെ സ്നേഹം അവിടത്തെ അനുവദിക്കുന്നില്ല. സാധാരണമായി, നമ്മൾ ആരോഗ്യവും സ്വസ്ഥതയുമുള്ളവരായിരിക്കുമ്പോൾ മറ്റുള്ളവരെ മറക്കുന്നു (പിതാവായ ദൈവം ഒരിക്കലും ചെയ്യാത്ത കാര്യമാണത്). അവരുടെ പ്രശ്നങ്ങളിലും സഹനങ്ങളിലും അവർ അനുഭവിക്കുന്ന അനീതികളിലും നമുക്കു താത്പര്യമില്ലാതാകുന്നു. നമ്മുടെ ഹൃദയം തണുത്തതായിത്തീരുന്നു. എനിക്ക് ആരോഗ്യവും സ്വസ്ഥതയും ഉള്ളപ്പോൾ മറ്റുള്ളവരുടെ ഇല്ലായ്മകളെപ്പറ്റി ഞാൻ ചിന്തിക്കുന്നില്ല. ഇന്ന് നിസ്സംഗതയുടെ ഈ സ്വാർത്ഥത ആഗോളവ്യാപകമായിട്ടുണ്ട്. നിസ്സംഗതയുടെ ആഗോളവത്കരണമെന്നു നമുക്കു പറയാൻ തക്കവിധം അത് വ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവരെന്ന നിലയിൽ നാം നേരിടേണ്ട പ്രശ്നമാണിത്.



ദൈവജനം ദൈവത്തിലേക്കു തിരിയുമ്പോൾ, ചരിത്രം നിരന്തരം ഉയർത്തുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കാൻ അവർക്കു കഴിയും. ഈ സന്ദേശത്തിൽ ഞാൻ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത് ഏറ്റവും അടിയന്തിരസ്വഭാവമുള്ള നിസ്സംഗതയുടെ ആഗോളവത്കരണമെന്ന വെല്ലുവിളിയാണ്.

അയൽക്കാരനോടും ദൈവത്തോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാനികൾക്കും ഒരു യഥാർത്ഥ പ്രലോഭനമാണ്. വിളിച്ചുപറയുകയും നമ്മുടെ മനസ്സാക്ഷിയെ അസ്വസ്ഥതപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകരുടെ ശബ്ദം ഓരോ വർഷവും നോമ്പുകാലത്ത് നാം വീണ്ടും കേൾക്കണം.

ദൈവം നമ്മുടെ ലോകത്തെ സംബന്ധിച്ച് നിസ്സംഗത പുലർത്തുന്നില്ല. തന്റെ പുത്രനെ നമ്മുടെ രക്ഷയ്ക്കായി നല്കത്തക്കവിധത്തിൽ അവിടന്ന് ലോകത്തെ സ്നേഹിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും ഭൗമിക ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള, സ്വർഗത്തിനും ഭൂമിക്കും ഇടയ്ക്കുള്ള കവാടം എന്നേക്കുമായി തുറക്കപ്പെടുന്നു. ഈ കവാടം തുറന്നുപിടിച്ചിരിക്കുന്ന കൈപോലെയാണു സഭ. അവളുടെ ദൈവവചനപ്രഘോഷണവും കൂദാശകളുടെ ആഘോഷവും സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന അവളുടെ വിശ്വാസസാക്ഷ്യവും മൂലം (cf ഗല. 5:6) അപ്രകാരമായിരിക്കുന്നു. എന്നാൽ, ലോകം തന്നിലേക്കു തന്നെ ചുരുങ്ങാനുള്ള പ്രവണത കാണിക്കുന്നു. ദൈവം ലോകത്തിലേക്കു കടക്കുന്നതായ കവാടം അടയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് സഭയാകുന്നകരം നിരസിക്കപ്പെടുകയോ ഞെരുക്കപ്പെടുകയോ മുറിവേല്പിക്കപ്പെടുകയോ ചെയ്യുമ്പോൾ സഭ ഒരിക്കലും വിസ്മയിക്കേണ്ടതില്ല.

അപ്പോൾ ദൈവജനത്തിന് ഈ ആന്തരിക നവീകരണം ആവശ്യമാണ്. നമ്മൾ നിസ്സംഗരും നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരുമാകാതിരിക്കാൻ വേണ്ടിയാണത്. ഈ നവീകരണത്തെ വികസിപ്പിക്കാൻ നമ്മുടെ വിചിന്തനത്തിനായി മൂന്നു ബൈബിൾ പാഠങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു" (1 കോറി. 12:26)

നിസ്സംഗതയെന്ന നമ്മിലേക്കു തന്നെയുള്ള നാശകരമായ പിന്തിരിയലിലേക്ക് ദൈവസ്നേഹം കടന്നുവരുന്നു. സഭ ഈ ദൈവസ്നേഹത്തെ പ്രബോധനം വഴിയും പ്രത്യേകിച്ച് സാക്ഷ്യം വഴിയും നമുക്കു നല്കുന്നു. എന്നാൽ നാം അനുഭവിച്ചതിനു സാക്ഷ്യം നല്കാനേ നമുക്കു കഴിയുകയുള്ളൂ. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരുണ്യവും അണിയിച്ചവരാണു ക്രൈസ്തവർ. ക്രിസ്തുവിനെപ്പോലെ ദൈവത്തിന്റെയും മറ്റുള്ളവരുടെയും ദാസരാകാൻ വേണ്ടിയാണത്. ഈ വസ്തുത പെസഹാ

വ്യാഴാഴ്ചയിലെ ലിറ്റർജിയിൽ കാണാം. കാൽകഴുകൽ എന്ന അനുഷ്ഠാനം അതോടൊപ്പമുണ്ട്. യേശു തന്റെ കാലുകഴുകണമെന്ന് പത്രോസ് ആഗ്രഹിച്ചില്ല. എന്നാൽ അദ്ദേഹം ഒരു വസ്തുത മനസ്സിലാക്കി. നമ്മൾ പരസ്പരം കാലുകൾ കഴുകുന്നതിന്റെ മാതൃക മാത്രമായിരിക്കാനല്ല യേശു ആഗ്രഹിച്ചതെന്നതാണ് ആ വസ്തുത. തങ്ങളുടെ കാലുകൾ കഴുകാൻ യേശുവിനെ അനുവദിച്ചവർക്കു മാത്രമേ മറ്റുള്ളവർക്കായി ഈ സേവനം ചെയ്തുകൊടുക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ അവിടത്തോടൊപ്പം പങ്ക് ഉണ്ടായിരിക്കാനും (യോഹ 13:8), അങ്ങനെ മറ്റുള്ളവരെ സേവിക്കാനും കഴിയുകയുള്ളൂ.

നമ്മെ സേവിക്കാൻ ക്രിസ്തുവിനെ അനുവദിക്കാനും അങ്ങനെ നമ്മൾ കൂടുതലായി അവിടത്തെപ്പോലെ ആയിത്തീരാനും അനുകൂലമായ ഒരു കാലമാണ് നോമ്പുകാലം. നാം ദൈവവചനം കേൾക്കുമ്പോഴെല്ലാം, കൂദാശകൾ, പ്രത്യേകിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴെല്ലാം ഇതു സംഭവിക്കുന്നു. അവിടെ നാം സ്വീകരിക്കുന്നതെന്തോ അത് ആയിത്തീരുന്നു. ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. മിക്കപ്പോഴും നമ്മുടെ ഹൃദയങ്ങളെ പിടികൂടുന്നതായി തോന്നുന്ന നിസ്സംഗതയ്ക്ക് ഈ ശരീരത്തിൽ സ്ഥാനമില്ല. എന്തെന്നാൽ ക്രിസ്തുവിന്റേതായിരിക്കുന്നവരെല്ലാം ഒരേ ശരീരത്തിന്റേതാണ്. അവിടന്നിൽ നമുക്കു പരസ്പരം നിസ്സംഗരായിരിക്കാൻ സാധ്യമല്ല. “ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു” (1 കോറി 12:26).

സഭ പുണ്യാവാന്മാരുടെ കൂട്ടായ്മ (communio sanctorum) ആയിരിക്കുന്നത് സഭയുടെ വിശുദ്ധർമൂലം മാത്രമല്ല. പിന്നെയോ അവളുടെ വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ മൂലവുമാണ്: ക്രിസ്തുവിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും അവിടത്തെ സകല ദാനങ്ങളും മൂലമാണ്. ഈ സ്നേഹത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവരുടെ പ്രത്യുത്തരവും ഈ ദാനങ്ങളിൽ ഉൾപ്പെടുന്നുണ്ട്. വിശുദ്ധരുടെ ഈ സംസർഗത്തിൽ, വിശുദ്ധ വസ്തുക്കളുടെ ഈ പങ്കുചേരലിൽ ഒരുവനും ഒരു വസ്തുവും സ്വന്തമായി കൈയടക്കുന്നില്ല. പിന്നെയോ എല്ലാവരുമായി പങ്കുവയ്ക്കുന്നു. നാം ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മിൽ നിന്ന് ഏറെ അകലത്തിലുള്ളവർക്കുവേണ്ടി, തനിയേ നമുക്കു എത്തിച്ചേരാൻ സാധിക്കാത്തവർക്കുവേണ്ടി, നമുക്കു ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്തെന്നാൽ, ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് എല്ലാവരും തുറവുള്ളവരായിരിക്കാൻ അവരോടൊപ്പവും അവർക്കുവേണ്ടിയും നാം ദൈവത്തോട് യാചിക്കുന്നു.



**2. നിന്റെ സഹോദരൻ എവിടെ? (ഉത്പ 4:9): ഇടവകകളും സമൂഹങ്ങളും**

സാർവത്രികസഭയെക്കുറിച്ചു നാം പറഞ്ഞുകൊണ്ടിരുന്നതെല്ലാം ഇപ്പോൾ നമ്മുടെ ഇടവകകളുടെയും സമൂഹങ്ങളുടെയും ജീവിതത്തെ സംബന്ധിച്ച് പ്രയോഗിക്കണം. നമ്മൾ ഒറ്റശരീരത്തിന്റെ ഭാഗമാണെന്ന അനുഭവം നമുക്കുണ്ടാകാൻ ഈ സഭാസംവിധാനങ്ങൾ നമ്മെ ശക്തരാക്കുന്നുണ്ടോ? ദൈവം തരാൻ ആഗ്രഹിക്കുന്നത് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ശരീരമാണോ അത്? ഏറ്റവും ദുർബലരായവരെയും ഏറ്റവും ദരിദ്രരായവരെയും ഏറ്റവും നിസ്സാരരായവരെയും അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന ശരീരമാണോ അത്? അതോ നമ്മൾ അടയ്ക്കപ്പെട്ട് നമ്മുടെ കതകുകളുടെ മുമ്പിലിരിക്കുന്ന ലാസറിനെ കാണുന്നതിൽ പരാജയപ്പെട്ടുകൊണ്ട് ലോകം മുഴുവനെയും ആശ്ലേഷിക്കുന്ന സാർവത്രിക സ്നേഹത്തിൽ അഭയം തേടുകയാണോ? (ലൂക്കാ 16:19-31).

ദൈവം നമുക്കു നല്കുന്നതു സ്വീകരിക്കുകയും അതിനെ ഫലസമൃദ്ധിയുള്ളതാക്കുകയും ചെയ്യുന്നതിന് നമ്മൾ ദൃശ്യസഭയുടെ അതിരുകൾക്കപ്പുറത്തേക്ക് രണ്ടുവിധത്തിൽ കടന്നുചെല്ലണം.

ഒന്നാമതായി, നാം പ്രാർത്ഥനയിൽ സ്വർഗത്തിലുള്ള സഭയോട് ഐക്യപ്പെട്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഭൗമികസഭയുടെ പ്രാർത്ഥനകൾ പരസ്പരസേവനത്തിന്റെയും നന്മയുടെയും കൂട്ടായ്മ സ്ഥാപിക്കുന്നു. അത് ദൈവത്തിന്റെ ദിവ്യദൃഷ്ടിയിൽ എത്തിച്ചേരുന്നു. ദൈവത്തിൽ തങ്ങളുടെ സാക്ഷാത്കാരം കണ്ടെത്തിയ വിശുദ്ധരോടൊന്നിച്ച് നാം ആ കൂട്ടായ്മയുടെ ഭാഗമായിത്തീരുന്നു. അതിൽ നിസ്സംഗത സ്നേഹത്താൽ കീഴടക്കപ്പെടുന്നു. സ്വർഗത്തിലെ സഭ വിജയസഭയായിരിക്കുന്നത് ഭൂമിയിലെ സഹനങ്ങളിൽ നിന്നു പുറംതിരിഞ്ഞിരുന്ന് പ്രകാശമാനമായ ഏകാന്തത ആസ്വദിക്കുന്നതുകൊണ്ടല്ല. പിന്നെയോ വിശുദ്ധർ ഒരു വസ്തുതയെക്കുറിച്ച് സന്തോഷപൂർവം ധ്യാനിക്കുന്നതുകൊണ്ടാണ്. യേശുവിന്റെ മരണവും ഉത്ഥാനവും വഴി അവർ എന്നേക്കുമായ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും വിദ്വേഷത്തെയും കീഴടക്കിയെന്നതാണ് ആ വസ്തുത. സ്നേഹത്തിന്റെ ഈ വിജയം ലോകം മുഴുവനിലും വ്യാപിക്കുന്നതുവരെ വിശുദ്ധർ നമ്മുടെ തീർത്ഥാടന മാർഗത്തിൽ നമ്മോടൊപ്പം സഞ്ചരിക്കുന്നു. ഭൂമിയിൽ ഏതെങ്കിലും ഒരു വ്യക്തി സഹിക്കുകയും വേദനിച്ചു കരയുകയും ചെയ്യുന്നിടത്തോളം കാലം ക്രൂശിതസ്നേഹത്തിന്റെ വിജയത്തെക്കുറിച്ച് സ്വർഗത്തിലെ സന്തോഷം അപൂർണമായിരിക്കുമെന്ന ബോധ്യം സഭാപണ്ഡിതയായ ലിസ്യൂവിലെ വിശുദ്ധ തെരേസ പ്രകാശിപ്പിച്ചിട്ടുണ്ട്. “സ്വർഗത്തിൽ ഞാൻ അലസതയോടെയിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സഭയ്ക്കും ആത്മക്കൾക്കും വേണ്ടിയുള്ള ജോലി തുടരണമെന്നാണ് എന്റെ ആഗ്രഹം” എന്നു അവൾ പറയുന്നു (എഴുത്ത് 254, ജൂലൈ 14, 1897).

സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള നമ്മുടെ സമരത്തിലും ആഗ്രഹത്തിലും വിശുദ്ധർ പങ്കുചേരുമ്പോഴും നം അവരുടെ യോഗ്യതകളിലും സന്തോഷത്തിലും പങ്കുചേരുന്നു. നമ്മുടെ നിസ്സംഗതയെയും ഹൃദയകാഠിന്യത്തെയും കീഴടക്കാൻ നാം പരിശ്രമിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുവിന്റെ വിജയത്തിലുള്ള അവരുടെ സന്തോഷം നമുക്കു ശക്തി നല്കുന്നു.

രണ്ടാമതായി, ഓരോ ക്രൈസ്തവസമൂഹത്തിനും ഒരു വിളിയുണ്ട്. തന്നിൽനിന്നു പുറത്തുകടക്കാനും അത് ഏതിന്റെ ഭാഗമായിരിക്കുന്നുവോ ആ വിപുലസമൂഹത്തിന്റെ ജീവിതത്തിൽ, പ്രത്യേകിച്ച് ദരിദ്രരുടെയും അകലങ്ങളിലും അതിരുകളിലുമുള്ളവരുടെയും ജീവിതത്തിൽ, വ്യാപരിക്കാനുള്ള വിളിയാണത്. സഭ പ്രകൃത്യാ പ്രേഷിതയാണ്. അവൾ ഒരിക്കലും തന്നിൽത്തന്നെ അടച്ചുപൂട്ടിയിരിക്കുന്നില്ല. പിന്നെയോ ഓരോ ദേശത്തേക്കും ജനതയിലേക്കും അയയ്ക്കപ്പെട്ടവളാണ്.

സൃഷ്ടി മുഴുവനെയും ഓരോ മനുഷ്യവ്യക്തിയെയും പിതാവിങ്കലേക്കു നയിക്കാൻ ആഗ്രഹിക്കുന്ന ഏകപുത്രന് ക്ഷമാപൂർവം സാക്ഷ്യം വഹിക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഓരോ സ്ത്രീയിലേക്കും പുരുഷനിലേക്കും ഭൂമിയുടെ ഓരോ അതിരിലേക്കും നയിക്കുന്ന വഴികളിലൂടെ സഭ യേശുക്രിസ്തുവിനെ അനുഗമിക്കുന്നു (cf അപ്പ 1:8). നമ്മുടെ ഓരോ അയൽവാസിയിലും, ക്രിസ്തു ആർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവോ ആ സഹോദരനെയും സഹോദരിയെയും കണ്ടെത്തണം. നാം സ്വീകരിച്ചത് അവർക്കുംകൂടി വേണ്ടി സ്വീകരിച്ചതാണ്. അതുപോലെ, നമ്മുടെ സഹോദരീ സഹോദരന്മാർക്കുള്ളതെല്ലാം സഭയ്ക്കും മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദാനമാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, സഭ സന്നിഹിതമായിരിക്കുന്ന എല്ലാസ്ഥലങ്ങളും, പ്രത്യേകിച്ച് ഇടവകകളും സമൂഹങ്ങളും നിസ്സംഗതയുടെ സമുദ്രത്തിൽ കാരുണ്യത്തിന്റെ ദ്വീപുകളായിരിക്കണമെന്ന് എത്ര തീവ്രമായി ഞാൻ ആഗ്രഹിക്കുന്നു!

**3. നിങ്ങൾ ദൃഢചിത്തരായിരിക്കുവിൻ (യാക്കോ 5:8): ഓരോ ക്രൈസ്തവനും**

വ്യക്തികളെന്ന നിലയിലും നാം നിസ്സംഗതയാൽ പ്രലോഭിപ്പിക്കപ്പെടുന്നു. മാനുഷികസഹനത്തിന്റെ വാർത്തകളും റിപ്പോർട്ടുകളും ചിത്രങ്ങളും ജലപ്രളയം പോലെ വരുന്നു. അപ്പോൾ സഹായിക്കാൻ നമുക്ക് ഒട്ടും കഴിവില്ലെന്നു തോന്നിപ്പോകും. അസ്വസ്ഥതയുടെയും ശക്തിരാഹിത്യത്തിന്റെയും പിടിയിൽ നിന്നു മാറി നില്ക്കാൻ നമുക്കു എങ്ങനെ കഴിയും?

ഒന്നാമതായി, ഭൂമിയിലും സ്വർഗത്തിലുമുള്ള സഭയുമായുള്ള സംസർഗത്തിൽ നമുക്കു പ്രാർത്ഥിക്കാൻ കഴിയും. പ്രാർത്ഥനയിൽ ഐക്യപ്പെട്ട അനേകം ശബ്ദങ്ങളുടെ ശക്തിയെ നാം വിലകുറച്ചു കാണരുത്. "ഇരുപത്തിനാലു മണിക്കൂർ കർത്താവിനുവേണ്ടി" എന്ന സംരംഭം പ്രാർത്ഥനയുടെ ഈ ആവശ്യം സൂചിപ്പിക്കുന്ന അടയാളമായിരിക്കാനുള്ളതാണ്. അത് മാർച്ച് 13, 14 തീയതികളിൽ സഭ മുഴുവനിലും, രൂപാതാതലത്തിലും നടപ്പാക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.



രണ്ടാമതായി, പരസ്നേഹപ്രവൃത്തികൾ വഴി സഹായിക്കാൻ നമുക്കു സാധിക്കും. സഭയുടെ അനേകം ജീവകാരുണ്യസംഘടനകളിലൂടെ അടുത്തും അകലെയുമുള്ളവരിലേക്ക് എത്തിച്ചേർന്ന് അങ്ങനെ ചെയ്യാൻ കഴിയും. ഏകമനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന് വ്യക്തമാക്കാനുള്ള ചെറുതും എന്നാലും മൂർത്തവുമായ അടയാളങ്ങൾ വഴി മറ്റുള്ളവരോടുള്ള താത്പര്യം കാണിക്കാൻ അനുകൂലകാലഘട്ടമാണ് നോമ്പുകാലം.

മൂന്നാമതായി, മറ്റുള്ളവരുടെ സഹനം മാനസാന്തരത്തിലേക്കുള്ള ഒരു വിളിയാണ്. എന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും ദൈവത്തിലും സഹോദരീസഹോദരന്മാരിലുമുള്ള എന്റെ ആശ്രിതാവസ്ഥയും അവരുടെ ആവശ്യം എന്നെ ഓർമ്മിപ്പിക്കുന്നു. നമ്മൾ വിനയപൂർവം ദൈവകൃപയ്ക്കായി അപേക്ഷിക്കുകയും നമ്മുടെ പരിമിതികൾ അംഗീകരിക്കുകയും ചെയ്താൽ ദൈവം നമുക്ക് നല്കുന്ന അനന്തസാധ്യതകളെക്കുറിച്ച് നമുക്ക് ആത്മവിശ്വാസമുണ്ടാകും. ലോകത്തെയും നമ്മെത്തന്നെയും നമ്മുടെ പരിശ്രമങ്ങൾകൊണ്ട് രക്ഷിക്കാൻ കഴിയുമെന്ന തോന്നലാകുന്ന പൈശാചിക പ്രലോഭനത്തെ തടഞ്ഞുനിറുത്താനും നമുക്കു കഴിയും.

നിസ്സംഗതയെയും സ്വയംപര്യാപ്തതയെക്കുറിച്ചുള്ള തോന്നലുകളെയും കീഴടക്കാൻ, ഹൃദയരൂപീകണമെന്ന് ബെനഡിക്ട് 16-ാമൻ വിളിച്ച (cf ദൈവം സ്നേഹമാകുന്നു 31) പ്രക്രിയയിൽ ഏർപ്പെടാനുള്ള ഒരവസരമായി ഈ നോമ്പുകാലം ചെലവഴിക്കാൻ എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരുണ്യമുള്ള ഹൃദയം എന്നതിന്റെ അർത്ഥം ദുർബലഹൃദയമെന്നല്ല. കാരണ്യമുള്ളവരാകാൻ ആഗ്രഹിക്കുന്ന ഏതുവ്യക്തിയും ശക്തിയും സ്ഥിരതയുമുള്ള ഹൃദയമുണ്ടായിരിക്കണം. അത് പ്രലോഭകനെതിരേ അടഞ്ഞതും ദൈവത്തിന്റെ നേരേ തുറന്നതുമായിരിക്കണം. സഹോദരീസഹോദരന്മാരിലേക്കുള്ള വഴിയിൽ സ്നേഹംകൊണ്ടുവരുവാൻ പരിശുദ്ധാത്മാവിനാൽ കുത്തിത്തുറക്കപ്പെടാൻ സ്വയം അനുവദിക്കുന്ന ഹൃദയമായിരിക്കണം. ആത്യന്തികമായി ഒരു പാവപ്പെട്ട ഹൃദയമായിരിക്കണം. സ്വന്തം ദാരിദ്ര്യം അറിയുന്നതും മറ്റുള്ളവർക്കായി സ്വയം ദാനം നല്കുന്നതുമായിരിക്കണം.

അതുകൊണ്ട്, സഹോദരീസഹോദരന്മാരേ, നമുക്ക് എല്ലാവർക്കും കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിക്കാം. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ ഹൃദയത്തിനൊത്തതാക്കണമേ (ഈശോയുടെ തിരുഹൃദയത്തിന്റെ

ലുത്തീനിയ). ഇങ്ങനെ ഉറപ്പുള്ളതും കരുണാർദ്രവും ശ്രദ്ധാപൂർവകവും ഉദാരതാപൂർണവുമായ ഒര ഹൃദയം നാം സ്വീകരിക്കും. അടയ്ക്കപ്പെടാത്തതും നിസ്സംഗതയുടെ ആഗോളവത്കരണത്തോട് നിസ്സംഗത പുലർത്തുകയോ അതിന്റെ ഇരയാവുകയോ ചെയ്യാത്തതുമായ ഹൃദയം നമുക്കുണ്ടാകും.

ഓരോ വിശ്വാസിക്കും ഓരോ സഭാസമൂഹത്തിനും ഈ നോമ്പുകാലം ആധ്യാത്മികമായി ഫലപൂർണമാകുമെന്ന് ഞാൻ പ്രാർത്ഥനാപൂർവം പ്രത്യാശിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നിങ്ങളോട് എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകാമാതാവ് നിങ്ങളെ കാത്തുസൂക്ഷിക്കട്ടെ.

വത്തിക്കാനിൽ നിന്ന്, 4 ഒക്ടോബർ 2014
വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസം
**ഫ്രാൻസിസ് മാർപാപ്പാ**

# CATHOLIC BISHOPS' CONFERENCE OF INDIA (CBCI)

## PASTORAL LETTER

27 January 2015

**Your Eminence/Beatitude/Grace/Excellency/**
**Rev. Father/Sister/Dear Brothers and Sisters in Christ,**

Greetings of Peace and Joy in the Holy Name of Our Lord Jesus Christ!

We have just celebrated the 66th Republic Day of our beloved Nation, The presence of the American President as the Chief Guest for the Republic Day Celebrations has added to the solemnity of the celebrations. On this auspicious occasion, I am pleased to share with you some of the thoughts that emerged in the recent Special Consultation held by the Catholic Bishops' Conference of India at the CBCI Centre, New Delhi on January 20, 2015. It was attended by the four Cardinals of India, Cardinal Oswald Gracias, Cardinal George Alencherry, Cardinal Telesphore Toppo, and myself with the CBCI Office-Bearers, representatives of the Catholic Council of India (CCI), the Conference of Religious India (CRI), All India Catholic Union (AICU), Indian Catholic Youth Movement (ICYM), Legal Experts, Human Rights and Social activists. This was followed by a Meeting with the leaders of other Christian Churches (NCCI & EFI), based in Delhi.

We strongly felt that the untoward incidents that happened in the past few months in various parts of our country have wounded the sentiments of the minority community especially the Christian community and has shaken



the faith in the secular fabric of our Nation. The shocking incidents that have taken place against Churches, clergy and laity in Chattisgarh, Madhya Pradesh, Odisha, Uttar Pradesh and Delhi have caused great concern for the Christian community. The recent controversies in the name of religious reconversions portray a negative image of India. Communal polarization and the bid to homogenize India are posing threat to all minorities - women, dalits, and all linguistic, cultural and religious minorities.

The Ghar Wapsi programmes, the "saffronisation" of education and culture, and the demands for a Hindu Rashtra are again posing challenges to the secular ethos of our beloved country. "Saffronisation" is an intellectual threat to the coming generation. Conversions of a religious nature are an exercise of one's free will and one's constitutional/fundamental right and freedom of conscience and of religion. Ghar Wapsi is a political process, carried out by the powerful exponents of religious nationalism - much against the principle of Secularism. We are afraid that the Bills and Ordinances that have been recently enacted would weaken the poor farmers, fishermen, workers, dalits, tribals and other marginalized communities of their legitimate right to life and livelihood.

The Constitution of India guarantees that all the citizens of our country can profess, practice and propagate a religion of one's choice. India is a land where different religious faiths have long since flourished and our founding fathers made special efforts to ensure that the rights of all are safeguarded, irrespective of our religious beliefs, gender or caste. Freedom of religion is a basic right, constitutional right, fundamental right and a democratic value. Christianity has its roots in Indian soil for almost 2000 years. The Christians in India believe in God and believe in the goodness of people and have been selflessly serving the people of this country in the fields of education, health care, community development etc. without any discrimination on the basis of caste, creed or religion.

We, the Christians of this Country, need an assurance from the Government that we are protected and secure and safe in our motherland. We express our strong concern on the aforementioned issues. Putting an end to such dangerous tendencies is inevitable for the growth and progress of our great nation. This great secular nation has to remain as a place where people of all religions and of different cultural backgrounds should live freely, practicing their faith without fear or threat and in harmony. While we recommit ourselves for the progress and development of our nation, we strongly urge the Honorable Prime Minister, to intervene urgently and take appropriate action to stop

incidents that pose a big threat to the unity of this secular nation and put an end to the statements made by the responsible persons in the central ministry and of the party.

I wish to bring to your attention some of the proposals and recommendations that evolved during our Consultation.

1. The Church has always been compassionate to the poor and the suffering. We need to even more visibly concretize this attitude of 'preferential option for the poor' in all our ministry and apostolate, so emphatically reiterated by Holy Father Pope Francis. In this context, we should be more vigilant in our responsibility to protect and promote our brothers and sisters of the Dalit/ Backward/Tribal communities who have embraced the Catholic faith.
2. The current socio-political situation in the Country calls for better unity and collaboration among the various Christian Churches at the Parish/ Diocesan/ Regional and National level.
3. We need to empower our laity to critically evaluate the threats and challenges posed to the Church and to Society and to evolve appropriate short term and long term strategic plans. Special efforts must be made to empower our women and youth in this regard.
4. The values enshrined in our Constitution such as unity, fraternity, secularism, tolerance, peace and justice have to be inculcated in the mind of the youth through education and other social involvement, in view of preparing them to be committed citizens of India and loyal sons and daughters of the Church.
5. We should recognize our journalists, activists and other experts and promote them to respond to these threats in local basis in accordance with the mind of the Church. We need to create pressure against human rights violations jointly with other like minded people.
6. We should have at the Diocesan/Regional and National levels a demographic data bank of Christian population, human and institutional resources for effectively channelizing them for the growth of the Church and the nation.
7. It is good to form a 'think tank group' at the Parish/Diocesan/Regional and National level to effectively analyze the socio-political situation and the challenges involved and to conscientise the church leadership about the issues involved. Equally important is to have a Spokesperson/PRO at the Diocesan, Regional and National levels to articulate our stand, comment on



the current issues and to cultivate a healthy relationship with all sections of society.

8. We should organize a united christian prayer campaign at the parish, diocesan, regional and national levels.

These and several other suggestions were proposed by the participants during the consultation. We should try our best to put into practice whatever we can do. The main thrust of the Consultation was for constant vigilance, united action and deep faith in the Providence of God and in the divine assistance of Our Lord who founded the Church against which no evil will prevail.


The Catholic Bishops' Conference of India wishes to assure all the members of the Church throughout India that we are with those brothers and sisters of ours, who are in one way or other subject to suffering, just because we are a believing people in Jesus Christ and because we are a minority in this country.

We are the citizens of this great country. We shall continue to work for the integral development of country. Due to threats and violence we cannot escape from our baptismal duty of spreading the Kingdom of God. We need to strengthen our faith unitedly. We are not fighting against any political party but for sacred ideals of our nation like freedom of religion, freedom of conscience, fundamental rights and democracy, as guaranteed by our noble Constitution. We are ready to sacrifice our life for our faith and for the unity and progress of our country, as responsible members of the Church and citizens of our Nation. We should resolve, relying on the divine assistance, that we will not succumb to any pressure or be threatened by any force in upholding our faith and in upholding the secular democratic nature of our country.

May God who created all of us in his image and likeness continue to bless us and strengthen us through the gift of the Holy Spirit to continue the mission of his beloved Son, Our Lord Jesus Christ. May Our Blessed Mother intercede for our dear Nation.

With prayer and best wishes,

Yours lovingly in Our Lord,



✠ Baselios Cardinal Cleemis
Major Archbishop-Catholicos & President,
Catholic Bishops' Conference of India.

Ref: 2839 /K 35/OL/KCBC/DS 9.2.2015

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

കേരളകത്തോലിക്കാ സഭ മാർച്ച് മാസം 8-ാം തീയതി മദ്യവിരുദ്ധ ഞായർ ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ തിരുസഭ പങ്കുവയ്ക്കുന്നത്. കേരള സമൂഹത്തിൽ മാതൃകാപരമായ ലഹരിവിരുദ്ധപോരാട്ടം നടത്തിയ ചരിത്രമാണ് ഇന്നോളം കത്തോലിക്കാസഭയ്ക്കുള്ളത്. കത്തോലിക്കാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലഹരിവിമോചനകേന്ദ്രങ്ങളിലൂടെയും ധ്യാനകേന്ദ്രങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും ലക്ഷക്കണക്കിന് കുടുംബങ്ങളാണ് ലഹരിമുക്തമായതിന്റെ സത്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

കത്തോലിക്കരെ മാത്രം മദ്യത്തിൽനിന്ന് മോചിപ്പിക്കുക എന്ന സങ്കുചിതമായ ചിന്തയല്ല സഭയ്ക്കുള്ളത്. കേരളസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു സാമൂഹികതിന്മ എന്നനിലയിലാണ് ഈ വിഷയത്തെ സഭ എന്നും കാണുന്നത്. 1998-ൽ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപംകൊള്ളുന്നതിന് മുമ്പ് സഭയിലെ യുവജനപ്രസ്ഥാനങ്ങളും സമൂഹത്തിലെ ഇതരമദ്യവിരുദ്ധപ്രസ്ഥാനങ്ങളുമായി ചേർന്ന് സഭ ഈ രംഗത്തു പ്രവർത്തിച്ചുവന്നു. കെസിബിസി മദ്യവിരുദ്ധസമിതി രൂപംകൊണ്ടതിന് ശേഷം കത്തോലിക്കാസഭയിലെ എല്ലാ രൂപതകളിലും മദ്യവിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് ശക്തമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും കർമ്മപദ്ധതികളും നിർദ്ദേശങ്ങളും നൽകി വരുന്നു.

ഈ വർഷം മുതൽ വലിയനോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായർ ആയി ആചരിക്കുന്നത്. (മുൻവർഷങ്ങളിൽ ഇത് ജനുവരിയിലെ അവസാന ഞായറാഴ്ച ആയിരുന്നു). വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും വർജനയുടെയും ഉപവാസത്തിന്റെയും തിരിച്ചുവരവിന്റെയും നവീകരണത്തിന്റെയും കാലയളവാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് വിശുദ്ധ നോമ്പ് നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നും ഇവയുടെ ഉപയോഗവും വ്യാപനവും അതു സമൂഹത്തിൽ സൃഷ്ടിക്കുന്ന അരാജകത്വവും പൊതുജീവിതത്തിലെ അഴിമതിയുടെ വ്യാപനവും നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന സാമൂഹ്യതിന്മകളാണ്.

വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽനിന്നും, പാപസാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്നും വിശുദ്ധ നോമ്പ് അനുശാസിക്കുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേക്കു നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും



തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 13:13,14). മദ്യാസക്തിയെന്ന തിന്മയിൽനിന്നും ഓടി അകലുവാനും പ്രകാശത്തിന്റെ മക്കളാകുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പു കാലം തിന്മയ്ക്കെതിരേയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം. അതിനായി ഈ വലിയ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തണം.

**വളരേണ്ട മദ്യവിരുദ്ധ സംസ്കാരം**

മദ്യത്തിന്റെ ലഭ്യതയും വിതരണവും ഉപയോഗവും കുറച്ചുകൊണ്ടുവരുന്നതിൽ കാലാകാലങ്ങളിൽ കേരളം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടു. തത്ഫലമായി ലോകത്തിന്റെ "മദ്യഭൂപടത്തിൽ" മുഖ്യസ്ഥാനം കേരളത്തിനെന്ന അപഖ്യാതി നാം നേടുകയും ചെയ്തു. നിലനിൽക്കുന്ന നിയമങ്ങളും ജനക്ഷേമപരമല്ലാത്ത നയങ്ങളും സർക്കാർ- ഉദ്യോഗസ്ഥ- അബ്കാരി അവിശുദ്ധ കൂട്ടുകെട്ടും, മറയില്ലാതെ മദ്യം ഉപയോഗിക്കുവാനുള്ള മലയാളിയുടെ ശീലവും കേരളത്തിന്റെ മദ്യാസക്തിക്ക് ആക്കം കൂട്ടി. ഈ സാമൂഹിക വിപത്തിന്റെ ഇരകളായി കൗമാരക്കാരും സ്ത്രീകളും ഉൾപ്പടെ ലഹരിയുടെ പുത്തൻശീലങ്ങളും ശൈലികളും കൗതുകത്തോടെ പരീക്ഷിച്ചറിയുന്ന ഒരു വലിയ വിഭാഗം ഇന്ന് നമുക്കു ചുറ്റും അപകടകരമാംവിധം വളർന്നുവരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

ഏതാനും മദ്യലോബികളുടെ പക്ഷം ചേർന്ന് കേരളത്തെ മദ്യക്കടലിൽ താഴ്ത്തുന്നത് തലമുറകളോട് ചെയ്യുന്ന പാതകമാണ്. മനുഷ്യനുവേണ്ടി മനഃസാക്ഷിയോടെ നിലപാടുകളെടുക്കാൻ കഴിയുന്നിടത്താണ് ജനപ്രതിനിധികളുടെ അകക്കാമ്പ് ജനം തിരിച്ചറിയുന്നത്. അധികാരത്തിന്റെ അപ്പക്കഷണത്തിനുവേണ്ടി നട്ടെല്ല് വളയ്ക്കുന്നവർ ജനാധിപത്യത്തിന്റെ ഏടുകളിൽ കറുത്ത പൊട്ടുകളായി അവശേഷിക്കും. മദ്യമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള പോരാട്ടത്തിൽപോലും മതത്തിന്റെയും സമുദായത്തിന്റെയും നിറം കലർത്തുന്ന മത- സാംസ്കാരിക- രാഷ്ട്രീയ പ്രതിനിധികൾ സമൂഹം തിരിച്ചറിയേണ്ട, ജനാധിപത്യത്തിലെ അപകടസൂചനകളാണ്.

മദ്യലോബികൾക്കനുകൂലമായി നില്ക്കുന്ന നിയമങ്ങൾക്ക് മാറ്റം വരുത്താനുള്ള നടപടികൾ പ്രാവർത്തികമാക്കാനുള്ള ചങ്കുറപ്പാണ് ജനപ്രതിനിധികളും സർക്കാരും സ്വീകരിക്കേണ്ടത്. പൊതുസമൂഹവും മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളുമൊക്കെ മദ്യത്തിനെതിരായി ശബ്ദമുയർത്തുന്ന ഇന്നത്തെ അനുകൂലമായ സാഹചര്യം മനസ്സിലാക്കി അതിനെ ഫലപ്രദമായി ഉപയോഗിച്ച് ആത്മാർത്ഥത തെളിയിക്കാൻ സർക്കാർ ഇനിയും വൈകരുത്.

**തിരിച്ചറിയേണ്ട ചില വിപത്തുകൾ**

റീജണൽ അടിസ്ഥാനത്തിൽ യു.എൻ. ന്റെ കണക്കിൽ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെല്ലാം മദ്യഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ അന്തർദ്ദേശീയ മദ്യലോബികൾ കണ്ണുവച്ചിരിക്കുന്നത് ഇന്ത്യപോലുള്ള മൂന്നാം ലോകരാഷ്ട്രങ്ങളെയാണ്. ഇവിടത്തെ ഒന്നോ രണ്ടോ ശതമാനം ആളുകളെ തങ്ങളുടെ കീഴിലാക്കിയാൽ അവർക്ക് ഇവിടത്തെ വിപണി പിടിച്ചെടുക്കാനാകും. അങ്ങനെ ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാഷ്ട്രങ്ങളുടെ ഒരു മാർഗമാണിതെന്ന യാഥാർത്ഥ്യവും നമ്മിൽ എത്ര പേർക്കറിയാം? കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ ബോധപൂർവ്വം വഴി തെറ്റിക്കാനും അട്ടിമറിക്കാനുമായിട്ടുള്ള ദേശീയ-അന്തർദേശീയ ലോബികളുടെ ശ്രമമാണു കേരളത്തിൽ 'ഇനി ടൂറിസ്റ്റുകൾ വരില്ല' എന്ന പ്രചരണം. മദ്യനിരോധനം നിലനിൽക്കുന്ന ഗുജറാത്തിൽ കേരളത്തിന്റെ ഇരട്ടിയിലധികം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അതിനാൽ ടൂറിസവും മദ്യവുമായി ബന്ധപ്പെടുത്തിയുള്ള വാദമുഖങ്ങൾ മദ്യവിരുദ്ധസംസ്കാരം ആഗ്രഹിക്കുന്ന കേരളത്തിന് യോജിച്ചതല്ല. ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നതു മദ്യപിക്കാനാണ് എന്നുപറയുന്നത് ബാലിശമായ ചിന്താഗതിയാണ്. ഈ നാടിന്റെ സാംസ്കാരിക തനിമയും കടലോരവും മലകളും തുടങ്ങി ഈ ദേശത്തിന്റെ നന്മയും പ്രകൃതിയുമാണ് ഓരോ വിദേശിയെയും ഇവിടേക്ക് ആകർഷിക്കുന്നത്.

"മദ്യനിരോധനം സാധ്യമോ? അസാധ്യമോ?" എന്നത് ഒരു സന്ദേഹിയുടെ ചോദ്യമാണ്. സന്ദേഹികൾ ഒന്നും നമുക്ക് നേടിത്തന്ന ചരിത്രമില്ല. അവർ എല്ലാറ്റിനെയും സംശയിക്കും. സാധ്യതകളുടെ അവസരം പോലും അങ്ങനെ നിരാകരിക്കപ്പെടും. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥിതിയിലേക്ക് ഒന്നു കണ്ണോടിച്ചാൽ കാണാം നിരോധനം നിയമത്തിന്റെ വലിയ കടമയാണ്. തോക്ക് നിരോധിക്കാം, കഞ്ചാവ് നിരോധിക്കാം, കറുപ്പ് നിരോധിക്കാം, സ്വർണം കടത്തുന്നത് നിരോധിക്കാം, കടലിന്റെ തീരത്തു താമസിക്കുന്നതും നിരോധിക്കാം. മനുഷ്യരെ കൊല്ലാൻ വരുന്ന കാട്ടുമൃഗത്തെ കൊല്ലുന്നതു നിരോധിക്കാം, ബോംബ് നിരോധിക്കാം, പക്ഷെ മദ്യം നിരോധിക്കാൻ തടസം നിൽക്കുന്നത് ആരാണ്? ആർക്കുവേണ്ടിയാണ്? ഇവിടെ ഇത്തരം വിഷയങ്ങളെ നാം സമീപിക്കുമ്പോൾ അഴിമതി എന്ന വിഷയവും വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെടണം. മദ്യനിരോധനം പരാജയപ്പെടുത്താൻ രണ്ടുകൂട്ടർക്കേ സാധിക്കൂ: (1) നിക്ഷിപ്ത താത്പര്യക്കാരായ രാഷ്ട്രീയക്കാർ (2) അഴിമതിക്കാരായ ഉദ്യോഗസ്ഥർ. ഈ രണ്ടുകൂട്ടരെയും നിലയ്ക്കുനിറുത്താൻ ജനങ്ങൾ ഒരുമിച്ചാൽ തീർച്ചയായും ഇവിടെ മദ്യത്തിന്റെ ഒഴുക്ക് തടയാൻ കഴിയും.



നമ്മുടെ നാടിന് ഒരു മദ്യസംസ്കാരമില്ല. നമ്മുടെ മതങ്ങളോ സമൂഹമോ സംസ്കാരമോ ഇതു പ്രോത്സാഹിപ്പിക്കുന്നില്ല. മദ്യവർജ്ജനം നടപ്പിലാക്കാൻ ഇവിടെ ഒരു സർക്കാരിന്റെയും ആവശ്യമില്ല. അത് ജനങ്ങൾ ചെയ്തുകൊള്ളും. നിയമം മൂലം കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മദ്യലഭ്യത കുറയ്ക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ ഈ സർക്കാരിന്റെ ഭരണത്തിന്റെ ആദ്യനാൾമുതൽ (2011) പ്രകടമായിരുന്നു. നിരവധി തീരുമാനങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ വിഭാവനം ചെയ്തതുപോലെ അവ നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നത് സർക്കാരിന്റെ പരാജയമായി കാണേണ്ടി വരും.

മദ്യപിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ നാം തിരിച്ചറിഞ്ഞ്, ഒരാളും ഇനി മദ്യത്തിലേക്കു വരരുത് എന്ന ചിന്തയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. അടിയന്തിരമായി ശ്രദ്ധപതിയേണ്ടതു കുട്ടികളിലേക്കും യുവജനങ്ങളിലേക്കുമാണ്. അടച്ചുപൂട്ടിയ ബാറുകൾ, ബിയർ-വൈൻ പാർലറുകളായി മാറ്റപ്പെട്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും ഉൾപ്പെടുന്ന പുതിയ ഒരു തലമുറയാണു മദ്യാസക്തിയിലേക്ക് ഇവയിലൂടെ വഴുതി വീഴുന്നത്. 'വീര്യം കുറഞ്ഞ' ഈ അപകടങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. ചുരുക്കത്തിൽ പുതുതലമുറയെ ആദ്യം വീര്യം കുറഞ്ഞ മദ്യത്തിനും പിന്നീടു കടുത്ത ലഹരികൾക്കും അടിമയാക്കാൻ ബീയർ-വൈൻ പാർലറുകൾക്ക് കഴിയും. ശരിയായ മദ്യനയം രൂപപ്പെടണമെങ്കിൽ താഴെതട്ടിൽനിന്നും മുകൾതട്ടിൽനിന്നും വ്യക്തമായ തീരുമാനങ്ങൾ ഉണ്ടാകണം; സർക്കാരിന്റെ ഭാഗത്തുനിന്നും മദ്യനിരോധനവും ജനങ്ങളുടെ ഭാഗത്തുനിന്നു മദ്യവർജ്ജനവും.

**സർക്കാർ ആത്മാർത്ഥത തെളിയിക്കണം**

മദ്യനിരോധനം എന്ന സർക്കാർ തീരുമാനം വളരെ തിടുക്കത്തിലായിരുന്നു എന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. പത്തുവർഷംകൊണ്ട് കേരളത്തെ മദ്യരഹിതമാക്കുമെന്ന പ്രഖ്യാപനത്തിന്റെ പൊരുൾ മനസ്സിലാകത്തക്കവിധം അവതരിപ്പിക്കാൻ ഇനിയും സർക്കാരിനു സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിപോലും വിസ്മയം പ്രകടിപ്പിച്ച ഒരു മാന്ത്രികച്ചെപ്പാണ് ഈ സർക്കാരിന്റെ പുതിയ മദ്യനയം.

സഭയെ സംബന്ധിച്ച് ഇതൊരു സാമൂഹികവിഷയമാണ്, രാഷ്ട്രീയവിഷയമല്ല. മദ്യവർജ്ജനം മതി എന്നുപറയുമ്പോൾ, നാടുമുഴുവൻ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കും? സഭയുടെ നിലപാട് വളരെ വ്യക്തമാണ്. മൂന്നുകാര്യങ്ങൾ ഒന്നിച്ചു വരുമ്പോഴാണ് ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറയുന്നത്; (1) ബോധവത്കരണം (2) മദ്യലഭ്യതയുടെ കുറവ് - മദ്യശാലകളുടെ

എണ്ണം കുറയ്ക്കുന്ന നടപടി (3) ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും. ഇവ മൂന്നും ഒന്നിച്ചുപോകണം. മദ്യവർജ്ജനം എന്നു പറയുന്നതിൽത്തന്നെ മദ്യശാലകൾ കുറയ്ക്കണം, ഇല്ലാതാക്കണം എന്ന ആശയമുണ്ട്. ഒരു കാര്യം മാത്രമേ സഭ മദ്യനയത്തിൽ ആവശ്യപ്പെടുന്നുള്ളൂ: അടുത്ത പത്തുവർഷംകൊണ്ട് കേരളത്തെ മദ്യവിമുക്തമാക്കാനുള്ള കർമ്മപദ്ധതി സർക്കാർ പ്രഖ്യാപിക്കണം. ഇതിനു തയ്യാറാകാത്തിടത്തോളംകാലം സർക്കാർ സംശയത്തിന്റെ മുൾമുനയിലായിരിക്കും.

**നടപ്പിലാക്കേണ്ട പ്രായോഗിക നിർദേശങ്ങൾ**

മദ്യപിക്കുന്നവർ പള്ളിയിൽ വരാൻ പാടില്ല എന്നു പറഞ്ഞാൽ തീരാവുന്നതല്ലേ കേരളത്തിന്റെ മദ്യാസക്തി എന്ന് ചോദിക്കുന്ന ചിലരെങ്കിലുമുണ്ട്. വഴിതെറ്റിപ്പോയവരെയും തിരികെ വരാൻ ആഗ്രഹിക്കുന്നവരെയും തുറന്ന മനസ്സോടെ കാത്തിരിക്കുന്ന സ്നേഹാലയമാണ് ഓരോ ക്രൈസ്തവ ദേവാലയവും. മദ്യവ്യാപാരത്തിൽനിന്നും കത്തോലിക്കർ പിൻതിരിയണമെന്നും അത്തരക്കാരിൽ നിന്നും സംഭാവനകൾ സ്വീകരിക്കരുതെന്നുമാണ് 2013 ഫെബ്രുവരി 19-ാം തീയതിയിൽ പ്രകാശനം ചെയ്ത ലഹരി വിമോചന പ്രവർത്തനങ്ങൾക്കുള്ള സഭയുടെ മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത്. ലഹരിവ്യാപാരികൾ മരണവ്യാപാരികളാണ് എന്നാണ് തിരുസ്സഭയുടെ തലവനായ ഫ്രാൻസീസ് മാർപാപ്പായും പഠിപ്പിക്കുന്നത്.

ജനങ്ങളുടെ ശക്തിയാണു വ്യാജമദ്യം തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. കുടുംബശ്രീ – ജനശ്രീ – അയൽക്കൂട്ടങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, മദ്യവിരുദ്ധപ്രസ്ഥാനങ്ങൾ, പ്രാദേശികമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾ, നേതാക്കൾ, മതസംഘടനകൾ, ക്ലബുകൾ, യുവജനങ്ങൾ... ഇത്തരത്തിലുള്ള കൂട്ടായ്മകളും ജാഗ്രതാസമിതികളും ഉണർന്നു പ്രവർത്തിച്ചാൽ ഇവിടെ വ്യാജമദ്യം ഉണ്ടാവുകയില്ല. ജനത്തിന്റെ ശക്തിയെ മറികടന്നുകൊണ്ട് ഇവിടെ മദ്യം വിൽക്കാനോ ഉപയോഗിക്കാനോ സാധിക്കുകയില്ല.

കേരളത്തിലെ ആനുകാലിക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് മദ്യമെന്ന സാമൂഹിക തിന്മയ്ക്കെതിരേ പ്രതികരിക്കുവാൻ, ക്രൈസ്തവ സമൂഹത്തിന് നടപ്പിലാക്കാൻ സാധിക്കുന്ന ചില പ്രായോഗിക നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ അതിരൂപത, രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സമുചിതമായി ആചരിക്കുകയും ലഹരിവിരുദ്ധ പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം.

2 അതാതു അതിരൂപതാ/രൂപതാതലങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് മദ്യവിരുദ്ധ ഞായർ, ഈ ദിനത്തിന്റെ പ്രാധാന്യം ഗൗരവപൂർവം മനസ്സിലാക്കി ആചരിക്കേണ്ടതാണ്.



3 സഭാതല മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്നുകൊണ്ടുപോകുന്നതിന്, മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 8-ാംതീയതിയിലെ സ്തോത്രക്കാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി അതിരൂപതാ/രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

4 ഈ ആചരണത്തിന്റെ തുടർനടപടികളുടെ ഭാഗമായി ഇടവകകൾ കേന്ദ്രീകൃതമായി കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

5 ഒരു സാമൂഹ്യ തിന്മയായ മദ്യത്തിന്റെ ഉപയോഗത്തിനെതിരേ രംഗത്തിറങ്ങുവാനും ഈ പ്രവർത്തനങ്ങളിൽ മുൻനിരയിൽ അണിനിരക്കുവാനും ഇടവകയിലെ യുവജനസംഘടനകൾ, പ്രത്യേകിച്ച് കെ.സി.വൈ.എം, പ്രായോഗികമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം.

6 നമ്മുടെ ആശുപത്രികൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ സെൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണം.

7 പുനരധിവാസ കേന്ദ്രങ്ങളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും നന്മകൾ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുവാൻ നാം പരിശ്രമിക്കണം.

8 ഇടവകതലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഒന്നിപ്പിച്ചുകൊണ്ട് പ്രാദേശികമായി ഈ വിഷയത്തെ അവലോകനം ചെയ്യുകയും മദ്യവിരുദ്ധ പ്രതിജ്ഞകൾ പൊതുവായി സംഘടിപ്പിക്കുകയും ചെയ്യണം.

9 കുടുംബാംഗങ്ങൾ ഒന്നുചേർന്ന്, ഓരോ കുടുംബവും തങ്ങളുടെ ആഘോഷങ്ങളിൽ മദ്യം ഉപയോഗിക്കുകയില്ലെന്ന പ്രതിജ്ഞ എടുക്കുകയും മദ്യപാനംമൂലം വേദനിക്കുന്ന കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

10 മദ്യപാനംമൂലം തകർച്ച നേരിടുന്ന വ്യക്തികളെയും കുടുംബങ്ങളെയും മദ്യവിപത്തിൽ നിന്നും സാമ്പത്തിക-ആത്മീയ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ഇടവകതലത്തിൽ കർമ്മപരിപാടികൾ നടപ്പിലാക്കുക.

11 മദ്യവ്യാപാരികളായ കത്തോലിക്കാവിശ്വാസികളെ അതിൽനിന്നു പിൻതിരിപ്പിക്കാൻ പരിശ്രമിക്കുക. ഇവരിൽനിന്നും സംഭാവന സ്വീകരിക്കരുത്.

12 സമൂഹത്തിൽ മദ്യവിരുദ്ധ മനോഭാവവും നിലപാടുകളും വളർത്തിക്കൊണ്ടു വരാൻ നേതൃത്വം നല്കുക.

13 മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയങ്ങളെയും നടപടികളെയും വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

മുകളിൽ സൂചിപ്പിച്ച പ്രായോഗിക നിർദേശങ്ങൾ അവ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കിക്കൊണ്ട് രൂപതകളിലും ഇടവകകളിലും

മദ്യവിരുദ്ധപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു.

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2015 മാർച്ച് 8-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## രൂപതക്കച്ചേരി

### *C. 19/2015* തിരട്ട്

സ്ഥാപനങ്ങളുടെയും ഇടവകകളുടെയും ഓഡിറ്റ് ചെയ്ത കണക്കുകളും തിരട്ടും ഏപ്രിൽ മാസം 30-ന് മുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. കണക്ക് പരിശോധിച്ചശേഷം ഫോണിലൂടെ അറിയിക്കുന്നതനുസരിച്ച് കണക്കുബുക്കുകൾ തിരികെ വാങ്ങുന്നതിനായി വന്നാൽ മതിയാകും.

*Bishop*

### *C. 20/2015* Clergy Relief Fund

Clergy Relief Fund-ലേക്ക് വൈദികരുടെ 13-ാം മാസത്തെ അലവൻസ് എന്ന പേരിൽ നല്കിവന്നിരുന്ന തുകയെ സംബന്ധിച്ച് കഴിഞ്ഞ പ്രസ്ബിത്തേരിയത്തിൽ ചില സംശയങ്ങൾ ഉന്നയിച്ചിരുന്നല്ലോ. 13-ാം മാസത്തെ അലവൻസ് നല്കേണ്ടതില്ല എന്ന തീരുമാനം ഒക്ടോബർ മാസത്തിലെ ദൈവരാജ്യത്തിൽ അറിയിച്ചിരുന്നു. അതിന് പകരമായി, മുൻ വർഷങ്ങളിൽ പ്രസ്തുത ഫണ്ടിലേക്ക് നല്കിയിരുന്ന മൊത്ത വരുമാനത്തിന്റെ 2 ശതമാനത്തോടൊപ്പം ഒരു ശതമാനം കൂടി കൂട്ടിച്ചേർക്കുവാനും ഞായറാഴ്ച പിരിവിന്റെ 2 ശതമാനത്തിൽ ഒരു ശതമാനം തിരട്ട് ഫീസായായും ഒരു ശതമാനം ഈ ഫണ്ടിലേക്കും നല്കാനുമാണ് തീരുമാനിച്ചിട്ടുള്ളത് എന്ന കാര്യം അറിയിക്കുന്നു.



തിരട്ട് എഴുതുന്നതിനായി കഴിഞ്ഞ പ്രസ്ബിത്തേരിയത്തിൽ നല്കിയ മോഡൽ ഫോമിൽ Clergy Relief Fund-ലേക്ക് മൊത്തവരുമാനത്തിന്റെ ഒരു ശതമാനം നല്കണം എന്ന് എഴുതിയിരിക്കുന്നത് 3 ശതമാനം എന്ന് തിരുത്തേണ്ടതാണ്.

*Bishop*

### *C. 21/2015* പുനരൈക്യം

അകത്തോലിക്കാസഭയിൽ നിന്ന് കത്തോലിക്കാസഭയിലേയ്ക്ക് പുനരൈക്യപ്പെടുവാൻ രൂപതാദ്ധ്യക്ഷന്റെ അനുവാദം ആവശ്യമുണ്ട്. ഇതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം മാമ്മോദീസ സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പിയും രൂപതക്കച്ചേരിയിൽ നല്കേണ്ടതാണ്. പൗരസ്ത്യ അകത്തോലിക്കാസഭയിൽപെട്ടവരാണ് പുനരൈക്യപ്പെടുന്നതെങ്കിൽ സ്ഥൈര്യലേപനം സ്വീകരിച്ചതാണ് എന്ന് ഉറപ്പ് വരുത്തുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

*Bishop*

### *C. 22/2015* Appointments

**Parochial Vicars:**

| | | |
|---|---|---|
| Kizhakkel Mathew CMI | : | Udumbannoor |
| Vadakkedath John CMI | : | Malippara |

*Bishop*

### *C.23 /2015* Monthly Recollection for Priests

Monthly recollection for priests of the Eparchy will be held on Tuesday, 10 March 2015 from 9.30 am to 3.30 pm at NESTT, Muvattupuzha. All are expected to participate without fail.

Together with this a Cancer Awarence Programme is conducted by the medical team of Lourdes Hospital.

*Bishop*

### *C. 24/2015* ദുഃഖവെള്ളിയാഴ്ച പിരിവ്

ദുഃഖവെള്ളിയാഴ്ചത്തെ നേർച്ചപ്പിരിവ് ഈ വർഷവും പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ച് വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനായി പ്രത്യേകം നടത്തുകയും രൂപതക്കച്ചേരിയിൽ ഏല്പിക്കുകയും വേണം.

### *C. 25/2015* നാമഹേതുക തിരുനാൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാരുടെ തിരുനാൾ ഏപ്രിൽ 24-ാം തീയതിയാണല്ലോ. പ്രസ്തുത തിരു

നാളിനോടനുബന്ധിച്ചാണല്ലോ നാം രൂപതാദിനം ആഘോഷിക്കുന്നത്. ഈ വർഷം ഈ ദിനാഘോഷം ഏപ്രിൽ മാസം 21-ാം തീയതി ചൊവ്വാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

*Protosyncellus*

### *C. 26/2015* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

### *C. 27/2015* **2013-2014 -ൽ രൂപതക്കച്ചേരിയിൽ ലഭിച്ച പിരിവുകൾ**

1. H.C. - Holy Childhood
2. B.S. - Bible Sunday
3. P.P. - Peter's Pense
4. M.S. - Mission Sunday
5. V.F. - Vocation Fund
6. C.M - Communication Media
7. J.S. - Justice Sunday
8. G.F. - Good Friday
9. Yuva. - Yuvajanadinam
10. Sy.M.S. - Syro Malabar Mission Sunday
11 S.D - Sabhadinam
12. M.V. - Madyavirudhadinam
13. J.F - Jesus' Fraternity

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Cathedral | 1500 | 2000 | 4000 | 5000 | 1000 | 1000 | 1000 | 3500 | 1500 | 3500 | 25280 | 1500 | 500 |
| Alakode | 250 | 250 | 250 | 500 | 250 | 250 | 250 | - | 250 | 250 | 4000 | 250 | - |
| Ambikapuram | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1780 | 100 | - |
| Anchiry | 200 | 200 | 250 | 500 | 250 | 150 | 200 | 200 | 150 | 200 | 3100 | 150 | - |
| Anicadu | 250 | 300 | 400 | 800 | 100 | 250 | 250 | - | 250 | 350 | 6550 | 250 | 250 |
| Arakuzha | 1000 | 2000 | 10120 | 6000 | - | 1500 | 1000 | 4000 | 1500 | 1500 | 5400 | - | - |
| Arikuzha | 200 | 200 | 200 | 500 | 1000 | 200 | 200 | - | 200 | 200 | 4200 | 200 | 200 |
| Ayavana | - | - | - | - | - | - | - | - | - | - | - | - | - |
| Bethlehem | 100 | 100 | 1424 | - | 100 | 100 | 100 | - | 150 | - | 4320 | 100 | - |
| Kulappuram | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | 100 | 1860 | 100 | 100 |
| Chalassery | 150 | 150 | 150 | 500 | 150 | 150 | 150 | 500 | 150 | 150 | 1500 | 150 | 150 |



| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Cheenikuzhy | 50 | 100 | 100 | 500 | 50 | 100 | 50 | 100 | 100 | 50 | 1350 | 50 | - |
| Cheppukulam | 50 | 75 | 75 | 75 | 75 | 50 | 50 | - | 75 | 75 | 1960 | 50 | - |
| Chilavu | 1250 | 250 | 250 | 250 | 250 | 250 | 250 | - | 250 | 250 | 3700 | 250 | 250 |
| Chittoor | - | - | - | - | - | - | - | - | - | - | - | - | - |
| Enanalloor | 100 | 100 | 200 | 300 | 100 | 100 | 100 | - | 100 | 100 | 1650 | 100 | 100 |
| Ezhalloor | 200 | 250 | 1000 | 1000 | 300 | 250 | 300 | 3000 | 200 | 750 | 3660 | 200 | 200 |
| Inchathotty | 150 | 150 | 150 | 150 | 150 | 150 | 150 | - | 150 | 150 | 850 | 150 | 150 |
| Inchoor | 100 | 100 | 300 | 200 | 100 | 100 | 100 | - | 100 | 200 | 2800 | 100 | 100 |
| Kadalikad | 250 | 250 | 250 | 250 | 250 | 250 | 250 | - | 250 | 250 | 5180 | 250 | 250 |
| Kadavoor | 100 | 100 | 900 | 1100 | 100 | 100 | 100 | 1500 | 100 | 100 | 3580 | 100 | - |
| Kaithapara | - | - | - | - | - | - | - | - | - | - | - | - | - |
| Kalayanthany | 520 | 155 | 145 | 3125 | 150 | 300 | 350 | - | 300 | 450 | 7160 | 450 | - |
| Kaliyar | 500 | 300 | 500 | 500 | 300 | 300 | 300 | - | 300 | 500 | 5540 | 500 | 300 |
| Kallanickal | 300 | 600 | 1500 | 1600 | 1000 | 500 | - | 2400 | 500 | - | 6460 | - | - |
| Kalloorkad | 200 | 450 | 900 | 3000 | 250 | 200 | 200 | 1000 | 250 | 350 | 10140 | - | - |
| Kaloor | 200 | 200 | 500 | 200 | 200 | 200 | 200 | - | 200 | 200 | 6058 | 200 | 200 |
| Karakunnam | 200 | 250 | 200 | 200 | 150 | 200 | 200 | - | 200 | 250 | 3100 | 200 | 200 |
| Karimannoor | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 9150 | 500 | 500 |
| Kavakad | 100 | 100 | 500 | 500 | 100 | 100 | 100 | - | 100 | - | 2210 | 100 | - |
| Keerampara | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 3100 | 200 | - |
| Kodikulam | 200 | 200 | 200 | 500 | 200 | 200 | 200 | - | 200 | 200 | 5050 | 200 | 200 |
| Koduvely | 500 | 1000 | 2000 | 3000 | 500 | 300 | 500 | 1000 | 300 | 500 | 3000 | 200 | 200 |
| Kolady | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | 100 | 1600 | 100 | 100 |
| Kottappady | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 3000 | 500 | 500 |
| Kuninji | 300 | 300 | 300 | 300 | 300 | 300 | 300 | - | 300 | 300 | 3340 | 300 | 300 |
| Kuruppampady | 200 | 100 | 1000 | 500 | 100 | 100 | 100 | - | 100 | - | 2500 | - | - |
| Kuthumkal | 50 | 50 | 50 | 50 | 50 | 50 | 50 | - | 50 | 50 | 800 | 50 | 50 |
| Kuttampuzha | 200 | 200 | - | 200 | 200 | 200 | 200 | - | 200 | 200 | 2000 | 200 | 200 |
| Mailacombu | 500 | 500 | 500 | 500 | 500 | 500 | 500 | 1000 | 500 | - | 5080 | 500 | 500 |
| Malayinchi | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 800 | 50 | 50 |
| Malippara | 200 | 150 | 200 | 200 | 150 | 150 | 150 | - | 150 | 200 | 2800 | 200 | 150 |
| Mamalakandam | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 700 | 50 | - |
| Marady | 300 | 300 | 300 | 300 | 300 | 300 | 300 | - | 300 | 300 | 2700 | 300 | 300 |
| Marika | 900 | 1100 | 1200 | 14000 | 700 | 600 | 800 | 1400 | 1000 | 1600 | 6200 | 900 | 600 |
| Mathirappilly | 50 | 50 | 50 | 100 | 50 | 50 | 50 | 50 | 50 | 50 | 1540 | 50 | 50 |
| Meenkunnam | 150 | 150 | 150 | 600 | 200 | 150 | 500 | - | 150 | - | 4420 | 100 | - |
| Mekkadambu | 50 | 75 | 50 | 75 | 75 | 50 | 50 | 75 | 50 | 50 | 600 | 50 | - |
| Mudavoor | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | 100 | 500 | 100 | 100 |
| Mulappuram | 100 | 150 | 150 | 200 | 100 | 100 | 100 | 150 | 100 | 100 | 1226 | 100 | - |
| Mullaringad | 150 | 150 | 200 | 200 | 150 | 150 | 150 | - | 150 | 150 | 3650 | 150 | 150 |
| Mundanmudy | 100 | 100 | 150 | 150 | 100 | 100 | 100 | - | 100 | 100 | 3000 | 100 | - |
| Muthalakodam | 2500 | 7000 | 5000 | 5630 | 10000 | 1000 | 2000 | - | 5000 | 4300 | 12700 | 3000 | 3000 |
| Muvattupuzha | 750 | 800 | 3200 | 5000 | 1400 | 800 | 1000 | - | 700 | 800 | 9800 | 700 | 450 |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Mupuzha. East | 500 | 500 | 500 | 1000 | 500 | 500 | 500 | 1000 | 500 | 1000 | 2600 | 200 | - |
| Nadukani | 100 | 100 | 150 | 200 | 150 | 100 | 100 | 250 | 150 | 200 | 2900 | 100 | 450 |
| Nadukara | - | 100 | 100 | 800 | 200 | 100 | 300 | - | 100 | 936 | 2900 | 100 | 100 |
| Nakapuzha | 400 | 500 | 3285 | 2500 | 1000 | - | 500 | - | 500 | - | 7000 | - | - |
| Nediakad | 100 | 250 | 200 | 500 | 100 | 100 | 100 | 1000 | 100 | 500 | 8300 | 100 | 100 |
| Nediasala | 100 | 100 | 500 | 500 | 100 | 100 | 100 | 2000 | 100 | 300 | 5300 | 100 | 100 |
| Nedungapra | 150 | 150 | 200 | 200 | 150 | 150 | 150 | - | 150 | 200 | 3800 | 150 | 150 |
| Neendapara | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 300 | 2000 | 200 | 200 |
| Nellimattam | 200 | 250 | 200 | 750 | 250 | 300 | 250 | 250 | 100 | 250 | 6600 | 250 | 250 |
| Nellikuzhy | 150 | 150 | 150 | 200 | 150 | 150 | 150 | - | 150 | 150 | 3000 | 150 | 150 |
| Neriamangalam | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 100 | 100 | 3875 | 100 | - |
| Neyyassery | 250 | 250 | 250 | - | 250 | 250 | 250 | - | 250 | 250 | 5000 | 250 | 250 |
| Njarakad | 125 | 250 | 225 | 1100 | 125 | 100 | 175 | 600 | 125 | 150 | 3960 | 100 | 100 |
| Njayappilly | 100 | 100 | 500 | 2000 | 100 | 100 | 100 | - | 100 | 100 | 1770 | 100 | 100 |
| Oonnukal | 500 | 600 | 1000 | 1000 | 600 | 600 | 500 | - | 500 | 300 | 4510 | 300 | 300 |
| Paingottoor | 200 | 300 | 300 | 550 | 400 | 250 | 150 | - | 200 | 250 | 7360 | 150 | 100 |
| Pallickamury | 100 | 100 | 800 | 1000 | 100 | 100 | 100 | 1500 | 100 | 100 | 3980 | 100 | 100 |
| Pannimattam | - | - | - | - | - | - | - | - | - | - | - | - | - |
| Parapuzha | 300 | 350 | 850 | 1050 | 300 | 300 | 300 | - | 250 | - | 2360 | 250 | - |
| Pareekanny | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | 200 | 1300 | 100 | - |
| Pazhampillichal | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 1000 | 50 | - |
| Peringuzha | 200 | 300 | 500 | 1000 | 300 | 200 | 300 | - | 200 | - | 3240 | 300 | 300 |
| Perumannoor | 100 | 100 | 100 | 690 | 100 | 100 | 100 | - | 100 | 100 | 2000 | 50 | 50 |
| Peringassery | 50 | 50 | 50 | 100 | 50 | 50 | 50 | - | 50 | 50 | 900 | 50 | - |
| Perumballichira | 150 | 150 | 150 | 150 | 150 | 150 | 150 | - | 150 | 150 | 2075 | 150 | 150 |
| Perumballoor | 200 | 300 | 500 | 1000 | 500 | 250 | 250 | - | 250 | - | 2458 | 100 | 100 |
| Ponnanthanam | 150 | 150 | 1000 | 1500 | 150 | 150 | 150 | - | 150 | 150 | 3960 | 150 | - |
| Pooyamkutty | 200 | 200 | 200 | 500 | 200 | 200 | 200 | 200 | 200 | 200 | 2000 | 200 | - |
| Pothanikad | 200 | 200 | 300 | 500 | 200 | 200 | 200 | - | 200 | 200 | 3730 | 200 | 200 |
| Puliyanpara | - | - | - | - | - | - | - | - | - | - | - | - | - |
| Punnamattam | 100 | 50 | 100 | 150 | 50 | 50 | 100 | - | 50 | 100 | 700 | 50 | - |
| Purapuzha | 100 | 100 | 400 | 1000 | 100 | 100 | - | 200 | 200 | 200 | 3510 | 100 | 100 |
| Rajagiri, | 150 | 150 | 200 | 200 | 150 | - | - | - | - | 200 | 2050 | - | - |
| Randar, | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 200 | 200 | 2180 | 200 | 200 |
| Thalayanad | 300 | 300 | 300 | 300 | 300 | 300 | 300 | - | 300 | 350 | 2460 | 300 | - |
| Thazhuvumkunnu | 2950 | 3842 | 4327 | 2309 | 2887 | 3980 | 3893 | - | 3900 | 6200 | 3254 | 1500 | 1500 |
| Thennathoor | 100 | 100 | 200 | 200 | 100 | 100 | 100 | - | 100 | 200 | 1725 | 100 | 100 |
| Thodupuzha | 1600 | 1500 | 4000 | 4500 | 2200 | 2000 | 2100 | - | 1800 | 1200 | 9800 | 1100 | 800 |
| Thodupuzha East | 175 | 200 | 400 | 1200 | 200 | 175 | 175 | - | 200 | 250 | 2640 | 175 | 175 |
| Thommankuth | 200 | 200 | 250 | 250 | 200 | 200 | 200 | - | 200 | 250 | 3150 | 200 | 200 |
| Thottakara | 200 | 200 | 500 | 300 | 200 | 200 | 200 | 500 | 200 | 800 | 2630 | 200 | 200 |
| Thrikariyoor | 50 | 75 | 100 | 200 | 100 | 50 | 50 | 75 | 75 | 75 | 1300 | 50 | - |
| Udumpannoor | 250 | 250 | 1000 | 2000 | 250 | 150 | 150 | - | 150 | 250 | 4896 | 150 | - |



| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Uppukunnu | - | - | - | - | - | - | - | - | - | - | - | - | - |
| Urulanthanny | - | - | - | - | - | - | - | - | - | - | - | - | - |
| Vadakode | 1300 | 950 | 1225 | 1500 | 1000 | 1700 | 1900 | - | 1475 | 1550 | 1200 | 1550 | 1000 |
| Vadattupara | - | - | - | - | - | - | - | - | - | - | - | - | - |
| Vandamattam | 100 | 100 | 500 | 1000 | 100 | 100 | 100 | 1000 | 100 | 100 | 3400 | 100 | - |
| Vannappuram | 500 | 500 | 2000 | 500 | 500 | 500 | 500 | - | 500 | 500 | 4020 | 500 | 500 |
| Vazhakala | 250 | 200 | 300 | 300 | 200 | 200 | 200 | - | 200 | 200 | 2500 | 250 | 200 |
| Vazhakulam | 1000 | 1100 | 5150 | 6200 | 1000 | 1010 | 1020 | 4500 | 1000 | 1100 | 19200 | 1010 | - |
| Vazhapilly East | 200 | 200 | 500 | 1000 | 250 | 100 | 200 | 350 | 150 | 150 | 2480 | 100 | 100 |
| Veliechal | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 5000 | 500 | 500 |
| Vettampara | 100 | 200 | 200 | 310 | 100 | 100 | 100 | - | 100 | 100 | 1080 | 100 | 100 |
| Vettimattam | 250 | 500 | 500 | 250 | 500 | 250 | 250 | - | 500 | 250 | 2050 | 250 | 250 |
| CMI Malayinkeezhu | - | - | 2385 | 3110 | - | - | - | - | - | - | - | - | - |
| Loretto Vazhappilly | - | - | - | 1000 | - | - | - | - | - | - | - | - | - |

*01-03-2015* *Finance Officer*

### *C. 28/2015* ദൈവരാജ്യം, ഡയറക്ടറി, പഞ്ചാംഗം

തിരട്ടിനോടൊപ്പം ദൈവരാജ്യം, ഡയറക്ടറി, പഞ്ചാംഗം എന്നിവയ്ക്കായി നല്കിവന്നിരുന്ന തുക ₹ 150 -ൽ നിന്ന് ₹ 200 ആയി (2015 ഏപ്രിൽ മുതൽ) വർദ്ധിപ്പിച്ചിരിക്കുന്നു.

*Finance Officer*

### *PWA 1 /2015* PWA Fund

PWA Fund-ലേക്ക് പള്ളികളിൽ നിന്നുള്ള വിഹിതമായി അടയ്ക്കേണ്ട, അലവൻസിന്റെ 5 ശതമാനമായ 5100/- രൂപ പള്ളിനാൾവഴിയിൽ ചേർത്ത് തിരട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്.

*Finance Officer*

## മൈനർ സെമിനാരി

### *MS 6 /2015* ദൈവവിളി ക്യാമ്പ്

നമ്മുടെ രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2015 മാർച്ച് 29-ാം തീയതി വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് മാർച്ച് 31-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. SSLC, +2 പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ച് കത്തു നൽകി പറഞ്ഞയയ്ക്കുമല്ലോ. ഈ ക്യാമ്പിൽ വച്ചാണ് ഇന്റർവ്യൂ നടത്തുന്നത്. ബഹു. അച്ചന്മാരുടെ ദൈവിളി പ്രോത്സാഹനത്തിന് സ്നേഹപൂർവ്വം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

*MS 7 /2015* **Angels' Meet**

മധ്യവേനൽ അവധിക്കാലത്ത് 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മൈനർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് മീറ്റ് പ്രോഗ്രാം നടത്തുന്നു. മാർച്ച് 28 മുതൽ മെയ് 26 വരെയുള്ള ദിവസങ്ങളിലാണ് ബ്രദേഴ്സിന് ക്യാമ്പ് സംഘടിപ്പിക്കുവാൻ സാധിക്കുന്നത്. ഈ പ്രോഗ്രാം നടത്താൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

*MS 8 /2015* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 12 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 9 /2015* **St. Joseph's & Bishop's Day Celebration**

സെമിനാരിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുന്നാളും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രണ്ടാം വാർഷികവും ഫെബ്രുവരി 12-ാം തീയതി സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. പെരി. ബഹു. റെക്ടർ ഫാ. സ്റ്റാൻലി പുൽപ്രയിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് സന്ദേശം നല്കി. എല്ലാ ജോസഫ് നാമധാരികൾക്കും ആശംസകളും നേർന്നു. മോൺ. ജോർജ് ഓലിയപ്പുറം, ബ്ര. ആന്റണി മരുതാമല, ബ്ര. സ്കറിയ മെതിപ്പാറ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡിഗ്രിക്ക് പഠിക്കുന്ന ബ്രദേഴ്സും മൈനർ സെമിനാരിക്കാരും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. രൂപതാ വൊക്കേഷൻ പ്രൊമോട്ടർ ഫാ. ജേക്കബ് റാത്തപ്പിള്ളിൽ ഏവർക്കും നന്ദി പറഞ്ഞു.

*MS 10 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | M.M. Joseph Malekudiyil Perumballoor | ₹ | 2,00,000 |
| 2 | Jose Matheckal Inchathotty | ₹ | 10,000 |
| 3 | Dr. Kuriachan Elanjickal, Rajakumari | ₹ | 1000 |
| 4 | Geltrude Karithadathil, Karimannoor | ₹ | 6000 |
| 5 | John V. Mathew Veluthedathuparambil, Kallanickal | ₹ | 68,000 |
| 6 | Joby Kurian Arackakunnel, Nellimattom | ₹ | 1000 |
| 7 | Mar Mathews Books and Gift Centre, Muvattupuzha | ₹ | 10,000 |
| 8 | FCC Provincial House | ₹ | 50,000 |
| 9 | Fr. Cyriac Kodamullil | ₹ | 80,000 |
| 10 | Joseph Devassy & Elsyamma Koottapillil, Kozhippilly | ₹ | 1,00,000 |

*Rector*



## വിജ്ഞാനഭവൻ

*V. 18/2015* **രണ്ടാം സെമസ്റ്റർ പരീക്ഷ –ഏപ്രിൽ 12 ഞായർ**

Std - I - IX - 11.00 am - 1.00 pm

Std - X, XI, XII - 2.00 pm - 4.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 11–ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പർ തന്നെയാണ് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടത്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
4. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറും, മാർക്ക് ലിസ്റ്റും, ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും (രൂപതാ കേന്ദ്രത്തിൽനിന്നും തന്നിരിക്കുന്ന ഫോമിലും, ബി. ഫോമിലും എഴുതണം) രൂപതാ കേന്ദ്രത്തിൽ ഏപ്രിൽ 20–ാം തീയതിക്ക് മുമ്പായി എത്തിക്കണം. **(മേഖലാ കേന്ദ്രങ്ങളിൽ ഏപ്രിൽ 20–ാം തീയതി മാത്രമേ എത്തിക്കാവൂ.)**
5. മെയ് 2–ാം തീയതി റിസൽട്ട് പ്രഖ്യാപനം.
6. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 19/2015* **വിശ്വാസോത്സവം – ഏപ്രിൽ 7–10**

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 7 മുതൽ 10 വരെ നടത്തേണ്ടതാണ്. പുതിയനിയമപുസ്തകങ്ങൾ പരിചയപ്പെടുവാൻ ഈ ദിവസങ്ങളിൽ നമുക്ക് ശ്രദ്ധിക്കാം. അതിനുള്ള പുസ്തകങ്ങളാണ് ഒരുക്കിയിട്ടുള്ളത്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ വിശ്വാസോത്സവത്തിന് വരുമ്പോൾ പോക്കറ്റ് ബൈബിൾ കൊണ്ടുവരേണ്ടതാണ്. (രണ്ടോ മൂന്നോ കുട്ടികൾ ഒരു വീട്ടിൽനിന്നും വരുമ്പോൾ കൂടുതൽ ബൈബിൾ വാങ്ങാൻ നിർബന്ധിക്കരുത്.)

*V. 20/2015* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 10-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 25 രൂപയാണ്. പുസ്തകവിതരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ.

*V. 21/2015* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 14 ചൊവ്വ

സമയം : 10.30 - 12.30

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph HSS |

*V. 22/2015* **അഖില കേരള ലോഗോസ്ക്വിസ് - 2015**

2015-ലെ ലോഗോസ് ക്വിസിന്റെ ഒരുക്കങ്ങൾ അതത് ഇടവകകളിൽ ആരംഭിച്ചിരിക്കുമല്ലോ. ഓരോ ഇടവകയിൽനിന്നും കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. ഇടവകതലത്തിൽ കുട്ടികളെ പരിശീലിപ്പിക്കുവാൻ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ. ഇതിനുള്ള പഠനഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**പഠനഭാഗം :** യോഹന്നാൻ എഴുതിയ സുവിശേഷം1-12; യൂദാസ് എഴുതിയ ലേഖനം; സംഖ്യ 1-10; സുഭാഷിതം 1-9;

മുൻ വർഷങ്ങളിലെ ലോഗോസ് ക്വിസിന്റെ ചോദ്യോത്തരങ്ങൾക്ക് സന്ദർശിക്കുക : ***www.keralabiblesociety.com***

*V. 23/2015* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 15 ബുധൻ**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റകെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2015 ഏപ്രിൽ 15-ാം തീയതി 11 മണിക്ക് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 24/2015* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് തരികയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9497187834, 8281853557**

*V. 25/2015* **ആദ്യകുർബാന പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Director*

## Corporate Educational Agency

*Edn. 5/2015* **യാത്രയയപ്പ്, അവാർഡുദാനം, അഭിവന്ദ്യ പിതാവിന് നാമഹേതുകതിരുനാൾ ആശംസകൾ**

**തീയതി** - 20-03-2015

**സമയം** - 10.00 am

**സ്ഥലം** - കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയം

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന എല്ലാ അദ്ധ്യാപകനദ്ധ്യാപകരെയും പ്രധാന അദ്ധ്യാപകരെയും ഈ മീറ്റിംഗിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. 2014-2015-ൽ രൂപതാതലത്തിൽ നടത്തിയ വേദപാഠം/മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള കുട്ടികൾക്ക് അഭിവന്ദ്യപിതാവ് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. രൂപതയിലെ ഈ വർഷത്തെ മികച്ച സ്കൂളുകൾക്കുള്ള അവാർഡുകളും ഈ സമ്മേളനത്തിൽ വച്ച് നൽകുന്നതായിരിക്കും.

*Edn. 6/2015* **ശ്രീ. ജോസ് പിട്ടാപ്പിള്ളിൽ സ്കോളർഷിപ്പ്**

കോതമംഗലം രൂപതാവിദ്യാഭ്യാസ ഓഫീസിൽ 42 വർഷം സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ശ്രീ. ജോസ് പിട്ടാപ്പിള്ളിയുടെ സ്മരണയ്ക്കായി (18.03.2008) ഏർപ്പെടുത്തിയിട്ടുള്ള ക്യാഷ്

അവാർഡ് 2013-2014 അക്കാഡമിക് വർഷം കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിലെ 10-ാം സ്റ്റാൻഡേർഡിലെ ഏറ്റവും കൂടുതൽ മാർക്ക് (Full A+) കരസ്ഥമാക്കിയ അനിറ്റ ജോയി തളിപ്പറമ്പിൽ, തട്ടക്കുഴ എന്ന കുട്ടിക്ക് മാർച്ച് 20 വെള്ളിയാഴ്ച കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് അഭിവന്ദ്യപിതാവ് നൽകുന്നതായിരിക്കും.

*Edn. 7/2015* **പ്രധാന അദ്ധ്യാപക യോഗം**

2015 മാർച്ച് 20-ാം തീയതി കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ എല്ലാ പ്രധാന അദ്ധ്യാപകരും, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നുള്ള സ്റ്റാഫ് സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എൽ.പി., യു.പി. വിഭാഗത്തിൽ നിന്ന് ഹെഡ്മാസ്റ്റർമാർ മാത്രം പങ്കെടുത്താൽ മതിയെന്ന് അറിയിക്കുന്നു. സ്കൂൾ മെയിന്റനൻസ് (1% Account) Fund ന്റെ കണക്ക് തദവസരത്തിൽ അവതരിപ്പിക്കുന്നതായിരിക്കും.

Secretary

## ചെറുപുഷ്പ മിഷൻലീഗ്

*CML 5 /2015* **ധ്യാനം**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ മാസത്തിൽ വിവിധ ബാച്ചുകളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ക്രിസ്റ്റീൻധ്യാനം നടത്തുന്നു.

സമയക്രമീകരണങ്ങൾ

1 യു.പി. വിഭാഗം ഏപ്രിൽ 12, 5.00 pm-ന് ആരംഭിച്ച് ഏപ്രിൽ 15, 2.00 pm-ന് സമാപിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് 600 രൂപ)

2 HS വിഭാഗം ഏപ്രിൽ 16, 5.00 pm-ന് ആരംഭിച്ച് ഏപ്രിൽ 19, 2.00 pm-ന് സമാപിക്കുന്നു. (രജിസ്ട്രേഷൻ ഫീസ് 600 രൂപ)

ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 31-ന് മുമ്പായി മിഷൻലീഗ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പേര് രജിസ്റ്റർ ചെയ്യാനായി വിളിക്കേണ്ട നമ്പർ:

ഡയറക്ടർ - 9497187834

റവ. സി. സ്റ്റാൻലി FCC (ഓഫീസ് സെക്രട്ടറി) - 8281853557

Director



## കെ.സി.എസ്.എൽ.

*KCSL 4/2015* **കെ.സി.എസ്.എൽ. നേതൃത്വപരിശീലന ക്യാമ്പ്**

കെ.സി.എസ്.എൽ. രൂപതാ നേതൃത്വപരിശീലന ക്യാമ്പ് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 2015 ഏപ്രിൽ 27 വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 29-ാം തീയതി 4.00 മണിക്ക് അവസാനിക്കുന്നു. ക്യാമ്പ് ഫീസ് 400 രൂപ. ഒരു സ്കൂളിൽ നിന്നും UP, HS, HSS വിഭാഗങ്ങളിൽ മൂന്ന് കുട്ടികൾക്ക് വീതമാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരമൊരുക്കിയിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ കെ.സി.എസ്.എൽ. രൂപതാ ഓഫീസിൽ മാർച്ച് 31-ാം തീയതിക്കുമുമ്പായി പേര് രജിസ്റ്റർ ചെയ്യുക. വിളിക്കേണ്ട നമ്പർ :

റവ. സി. സ്റ്റാൻലി എഫ്.സി.സി. 8281853557

റവ. സി. ആൽഫി എസ്.എ.ബി.എസ്. 8281896178

Director

## സോഷ്യൽ സർവീസ്

*SS. 4 /2015* **നോമ്പുകാല സ്തോത്രകാഴ്ച- ഓശാന ഞായർ**

ഓശാന ഞായറാഴ്ച വി. കുർബാനമദ്ധ്യേ സമാഹരിക്കുന്ന സ്തോത്രകാഴ്ച, വിവിധ ചികിത്സാസഹായം, ഭവനനിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഈ വർഷത്തെ നോമ്പുകാല സംഭാവനകൾ നല്കുന്നതിന് ബഹു. വികാരിയച്ചൻമാർ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുമല്ലോ. പ്രസ്തുത തുക 31-ാം തീയതി ചൊവ്വാഴ്ച എല്ലാ ഫൊറോന പള്ളികളിലും KSSS പ്രതിനിധി വന്ന് സമാഹരിക്കുന്നതാണ്. സമയം 9 am -12 noon. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

*SS. 5 /2015* **മെഡിക്കൽ ഇൻഷ്വറൻസ്**

ജീവൻ ജ്യോതി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി വഴി രൂപതയിലെ വിവിധ ഇടവകകളിലായി 38 വ്യക്തികൾക്ക് ആകെ 219210 രൂപ ചികിത്സാ സഹായമായി നൽകി. ക്ലെയിം നൽകിയിട്ടുള്ളവർക്ക് താമസിയാതെ തന്നെ, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി പാസ്സാക്കുന്നതനുസരിച്ച് തുകകൾ നൽകുന്നതായിരിക്കും.

*SS. 6 /2015*

ആശാകിരണം പദ്ധതിയുടെ കീഴിൽ നമ്മുടെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കാൻസർ ബോധവത്കരണഭാഗമായും സഹായനിധി സമാഹരണഭാഗമായും സ്ഥാപിക്കാനുള്ള ബോക്സുകൾ എല്ലാ ഇടവകകളിലും എത്തിച്ചിട്ടുണ്ട്. ബോക്സുകൾ എല്ലാ ഭവനങ്ങളിലും

എത്തിക്കുന്നതിന് ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. ആറുമാസങ്ങൾക്കുശേഷമേ അവ തിരികെയെടുക്കുകയുള്ളൂ. തന്നിരിക്കുന്ന ഫോം കൃത്യമായി പൂരിപ്പിച്ച് അതിന്റെ ഒരു കോപ്പി ഇടവകയിലും ഒരു കോപ്പി KSSS ഓഫീസിലും സൂക്ഷിക്കേണ്ടതാണ്.

*Director*

---

## യുവദീപ്തി

*YD 3 /2015* **രൂപതാ ഭാരവാഹികൾ - 2015**

കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ പുതിയ ഭാരവാഹികളെ രൂപതാ വാർഷിക കൗൺസിലിൽവച്ച് തിരഞ്ഞെടുക്കുകയുണ്ടായി.

പ്രസിഡന്റ് - ഫെബിൻ ഫ്രാൻസീസ് കട്ടയ്ക്കൽ, വാഴക്കുളം

വൈസ് പ്രസിഡന്റുമാർ - സീലിയ ജോസ് ഇല്ലിക്കൽ, ആരക്കുഴ
ബാനി ജോയി പള്ളിക്കുന്നേൽ, ചാലാശ്ശേരി

ജനറൽ സെക്രട്ടറി - ടോം സി ജോൺ ചക്കാലക്കുന്നേൽ, വാഴക്കുളം

സെക്രട്ടറിമാർ - അനു ജോൺ വയലിൽ, തഴുവംകുന്ന്
അമൽ മാത്യു കല്ലിങ്കൽ, ഞാറക്കാട്
ജിന്റു മരിയ ജിജി മൈലാടൂർ, തോട്ടക്കര
ജസ്റ്റിൻ ജോയി മാളിയേക്കൽ, കോതമംഗലം

ട്രഷറർ - ജോർജ് ജെയിംസ് മാതാളിക്കുന്നേൽ, കരിമണ്ണൂർ

സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ
- ആന്റോ ആന്റണി കുന്നേൽ, രാജഗിരി
ദിവ്യ ഫ്രാൻസീസ് മണ്ണപ്പുറത്ത്, വാഴക്കുളം

സംസ്ഥാന സെനറ്റ് അംഗങ്ങൾ
- അദീ മാത്യു കാഞ്ഞിരംപാറയിൽ, ചിറ്റൂർ
അനീഷ ജോണി ഞാറക്കാട്ടിൽ, വാഴക്കുളം
ജോമി എം. ജോസ് മാളിയേക്കൽ, പെരുമണ്ണൂർ
അഞ്ജനി തോമസ് ചാത്തംകണ്ടത്തിൽ, കാരക്കുന്നം

എസ്.എം.വൈ.എം സ്റ്റേറ്റ് കൗൺസിലർ
- മെറിൻ മാനുവൽ, അരിക്കുഴ

*YD 4 /2015* **സ്നേഹിത 2015**

വനിതാദിനത്തോടനുബന്ധിച്ച് 2015 മാർച്ച് 22-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് മൂവാറ്റുപുഴ NESTT-ൽ വനിതാ സംഗമം നടത്തപ്പെടുന്നു. പ്രസ്തുത സംഗമത്തിലേക്ക് യുവദീപ്തി കുടുംബത്തിലെ എല്ലാ സഹോദരിമാരെയും ബഹു. ആനിമേറ്റേഴ്സിനെയും സ്വാഗതം ചെയ്യുന്നു.

*Director*

*YD 5 /2015* **ആശംസകൾ**

കെ.സി.വൈ.എം. കോതമംഗലം ഭരണസമിതിയെ നയിക്കുന്നതിനായി പുതുതായി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന ബഹു. സെബാസ്റ്റ്യൻ കണിമറ്റത്തിൽ അച്ചന് ഹൃദയത്തിന്റെ ഭാഷയിൽ അഭിനന്ദനങ്ങളും ഒരായിരം ആശംസകളും. കെ.സി.വൈ.എം. സംസ്ഥാന സമിതിയിലേക്ക് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി ദിവ്യ ഫ്രാൻസീസ് മണപ്പുറത്തിന് എല്ലാവിധ ആശംസകളും നേരുന്നു. എസ്.എം.വൈ.എം. സംസ്ഥാന സമിതിയുടെ കമ്മിറ്റി മെമ്പറായ കുമാരി മെറിൻ മാനുവലിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

*YD 5 /2015* **നന്ദിപൂർവം**

കഴിഞ്ഞ 2 വർഷക്കാലം കെ.സി.വൈ.എം. കോതമംഗലം രൂപതാസമിതിയെ നയിച്ച ഞങ്ങളുടെ സ്നേഹ ബഹു. പോൾ കാരക്കൊമ്പിലച്ചന് ഒരായിരം നന്ദിയും തുടർന്നുള്ള അച്ചന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും.

*President*

---

## ജീസസ് യൂത്ത്

*JY 5 /2015* **'U Form'**

കോതമംഗലം സോൺ ജീസസ് യൂത്ത് യുവജനങ്ങൾക്കായി ഒരുക്കുന്ന യൂത്ത് കോൺഫ്രൻസ് 'U Form' ഏപ്രിൽ 29 ബുധൻ വൈകുന്നേരം മുതൽ മെയ് 2 ശനി വൈകിട്ട് വരെ തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് നടത്തുന്നു.

*JY 6 /2015* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.00 മണിക്ക് ആരംഭിച്ച് 15-ാം തീയതി 1.00 am -ന് ദിവ്യബലിയോടുകൂടി സമാപിച്ചു. നാല്പതുപേർ പങ്കെടുത്തു. ഫാ. ജേക്കബ് റാത്തപ്പിള്ളിൽ ക്ലാസ് എടുത്തു. അടുത്ത നൈറ്റ് വിജിൽ മാർച്ച് 14-ാം തീയതി ആയിരിക്കും.

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 6 /2015* **രൂപതാ കുടുംബ സംഗമം**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കുടുംബസംഗമം ഫെബ്രുവരി 21 ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ വാഴക്കുളം വിശ്വജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ടു. ജപമാലയോടുകൂടി ആരംഭിച്ച കുടുംബ സംഗമത്തിൽ മുൻ രൂപതാ ഡയറക്ടർമാരായ റവ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ, റവ. ഡോ. ജോസഫ് എഴുമായിൽ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. റവ. ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ (പ്രൊഫസർ മംഗലപ്പുഴ സെമിനാരി) ക്ലാസ്സ് നയിച്ചു. തുടർന്ന് രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ ഫൊറോന ഡയറക്ടർമാർ സഹകാർമ്മികരായിരുന്നു. സ്നേഹവിരുന്നിനു ശേഷം ഉച്ചകഴിഞ്ഞു നടന്ന സമാപനസമ്മേളനം സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ ഡയറക്ടർ റവ. ഫാ. പോൾ കാരക്കൊമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യു ആമുഖ സന്ദേശം നൽകി. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ തലത്തിൽ തയ്യാറാക്കിയ പുതിയ ഡയറക്ടറിയുടെ പ്രകാശനകർമ്മം അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവ് ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു തേക്കുംകാട്ടിലിന് നൽകികൊണ്ട് നിർവഹിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കോ. ഓർഡിനേറ്റർ ശ്രീ. കുര്യച്ചൻ കണ്ടത്തിൽ കൃതജ്ഞത പറഞ്ഞു. രൂപതാ ആനിമേറ്റർ സി. റെജി മരിയ, വൈസ് പ്രസിഡന്റുമാരായ ശ്രീ. ഏ.റ്റി. മാത്യു, ശ്രീ. ആന്റണി രാജൻ, സെക്രട്ടറി ശ്രീമതി ജെയ്സി ബെന്നി, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. ജോർജ് വടക്കുംപറമ്പിൽ, ശ്രീ. ആൻസൺ കല്ലിങ്കത്താഴെ, ശ്രീമതി. സെലിൻ എബ്രാഹം, ട്രഷറർ ശ്രീമതി ലില്ലി പോൾസൺ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. ഫാമിലി അപ്പോസ്റ്റലേറ്റിന്റെ രൂപതാ ഫൊറോന ഇടവകതല നേതാക്കളും കുടുംബാംഗങ്ങളും കൂടാതെ ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവരും സംഗമത്തിൽ പങ്കെടുത്തു.

*FA 7 /2015* **മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും മാർച്ച് 25 ബുധൻ രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്



*FA 8 /2014* **വിവാഹ ഒരുക്ക സെമിനാർ**

| | | |
|---|---|---|
| March | 4 - 6 | - NESTT |
| " | 18 - 20 | - NESTT |

*Director*

## മാതൃദീപ്തി

*MD.8 /2015* **വിവാഹസഹായനിധി കവറുകൾ തിരിച്ചേല്പിക്കേണ്ട തീയതികൾ**

മാർച്ച് 15-ന് ഫൊറോനകളിലോ മാർച്ച് 21-ന് രൂപതയിലോ കവറുകൾ തിരിച്ചേല്പിക്കേണ്ടതാണ്.

*MD.9 /2015* **രൂപതാ കൗൺസിലും വിവാഹസഹായനിധി കവർ ശേഖരണവും**

മാർച്ച് 21-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ NESTT-ൽ വച്ച് ബ. പോൾ കാരക്കൊമ്പിലച്ചന്റെ നേതൃത്വത്തിൽ രൂപതാ കൗൺസിൽ നടക്കുന്നു. അന്നേ ദിവസം തന്നെ വിവാഹസഹായനിധി കവറുകളും സ്വീകരിക്കുന്നതാണ്.

*MD.10 /2015* **ഫൊറോനാ വാർഷികങ്ങൾ**

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഫൊറോനാ വാർഷികങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 2 /2015* **ഏകസ്ഥ കൂട്ടായ്മ**

2015 മാർച്ച് 16-ാം തീയതി തിങ്കളാഴ്ച NESTT പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 മണി മുതൽ മരിയൻ സിംഗിൾസ് കൂട്ടായ്മയും ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| March | 4 - 6 | - വിവാഹഒരുക്കസെമിനാർ |
| " | 7 | - KSS Meeting |

| | | | |
|---|---|---|---|
| " | 8 | - | സമൃദ്ധി പ്രോഗ്രാം |
| " | 10 | - | Monthly Recollection for Priests, Cancer Awareness Programme |
| " | 13 | - | ഫാമിലി അപ്പോസ്റ്റലേറ്റ് കൗൺസിൽ |
| " | 18 - 20 | - | വിവാഹഒരുക്കസെമിനാർ |
| " | 21 | - | Shalom Fest |
| " | 22 | - | സ്നേഹിത - KCYM |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph (Jr.) | " | 19 |
| " | Arackal Joseph (Sr.) | " | 19 |
| " | Athickal Joseph | " | 19 |
| " | Ezhumayil Joseph | " | 19 |
| " | Kadukamakal Joseph | " | 19 |
| " | Kallarackal Joseph | " | 19 |
| " | Kandathil Joseph | " | 19 |
| " | Kandathinkara Joseph | " | 19 |
| " | Kannathukuzhy Joseph | " | 19 |
| " | Kavumpuram Joseph | " | 19 |
| " | Keethappilly Joseph | " | 19 |
| " | Kizhakel Joseph | " | 19 |
| " | Kochuparambil Joseph (Sr.) | " | 19 |
| " | Kochuparambil Joseph (Jr.) | " | 19 |
| " | Kodamullil Jose | " | 19 |
| " | Koikakudy Joseph | " | 19 |
| " | Koikakudy Joseph Cherian | " | 19 |
| " | Koithanath Joseph | " | 19 |
| " | Koonanickal Jose | " | 19 |
| " | Koonanickal Joseph | " | 19 |
| " | Koottumkal Joseph | " | 19 |
| " | Kottoor Joseph | " | 19 |
| " | Kulathoor Jose | " | 19 |
| " | Kuzhikanniyil Joseph | " | 19 |
| " | Mackolil Jose | " | 19 |
| " | Mailadiathu Jose | " | 19 |



| | | | |
|---|---|---|---|
| " | Monippilly Jose | **March** | 19 |
| " | Moorkattil Jose | " | 19 |
| " | Mulanjanany Joseph | " | 19 |
| " | Mundackal Joseph (Jr.) | " | 19 |
| " | Mundackal Joseph (Sr.) | " | 19 |
| " | Mundunadayil Joseph | " | 19 |
| " | Muttathuvalayil Joseph | " | 19 |
| " | Nampiaparambil Joseph | " | 19 |
| " | Nedumpuram Joseph | " | 19 |
| " | Neerampuzha Jose | " | 19 |
| " | Nellikunnel Joseph | " | 19 |
| " | Niravath Joseph | " | 19 |
| " | Njaloor Joseph | " | 19 |
| " | Parayannilam Joseph | " | 19 |
| " | Parayil Joseph | " | 19 |
| " | Peechatt Jose | " | 19 |
| " | Pinakkattu Joseph | " | 19 |
| " | Ponneth Joseph | " | 19 |
| " | Pothoor Jose | " | 19 |
| " | Pulickal Joseph | " | 19 |
| " | Pulickal Joseph (Jr.) | " | 19 |
| " | Pulloppillil Jose | " | 19 |
| " | Pulparambil Jose | " | 19 |
| " | Thachukunnel Joseph CMI | " | 19 |
| " | Vattakuzhy Jose | " | 19 |
| " | Velliyamthadathil Joseph | " | 19 |
| " | Vengooran Jose | " | 19 |

## വാർത്തയും വിശേഷങ്ങളും

### സുവർണ്ണജൂബിലി

കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസി രൂപീകൃതമായിട്ട് അമ്പത് വർഷമാകുകയാണ്. കോതമംഗലം രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവ് രൂപതയെ നയിക്കുന്ന സമയത്ത് 1966 മാർച്ച് മാസം 21-ാം തീയതിയാണ് കോതമംഗലം രൂപതയുടെ കോർപ്പറേറ്റ് കോൺസ്റ്റിസ്റ്റ്യൂഷൻ കേരള സർക്കാർ അംഗീകരിച്ച് ഓർഡർ പുറപ്പെടുവിച്ചത്. അതുവരെ

വ്യക്തിഗത രൂപത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകളെല്ലാം തന്നെ കോർപ്പറേറ്റിന് കീഴിൽ രൂപംകൊണ്ടു. ബഹു. ജോൺ വള്ളമറ്റം അച്ചന്റെ ത്യാഗോജ്ജ്വലമായ കഠിനാദ്ധ്വാനവും ദർശനവും ഈയവസരത്തിൽ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ കാലത്തുണ്ടായ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി അശ്രാന്തം പ്രയത്നിച്ച ബഹു. ജോസഫ് നമ്പ്യാപറമ്പിൽ, ബഹു. ജോർജ് കുന്നംകോട്ട്, ബഹു. ജോസഫ് പുത്തൻകുളം എന്നീ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. 2015 മാർച്ച് 20-ാം തീയതി കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് ജൂബിലി കർമ്മപരിപാടികൾ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നതാണ്.

---

**25 വിശുദ്ധരുടെ ജീവിതം നാടകരൂപത്തിൽ**

പാലാ കമ്മ്യൂണിക്കേഷൻസിന്റെ പുതിയ പുസ്തകവും സിഡിയും "വചനം ജീവിച്ചവർ" - 15 മിനിറ്റു മുതൽ 45 മിനിറ്റുവരെ സമയം നീളുന്ന, 25 വിശുദ്ധരെ സംബന്ധിച്ച നാടകങ്ങൾ പുറത്തിറങ്ങിയിരിക്കുന്നു. 400 പേജുള്ള പുസ്തകത്തിനും സിഡിയ്ക്കും വില 450 രൂപ. ആവശ്യക്കാർ സമീപിക്കുക:

പാലാ കമ്മ്യൂണിക്കേഷൻസ്, ഷലോം പാസ്റ്ററൽ സെന്റർ, പാലാ 686 575
ഫോൺ : 9048306071, 72; 04822 210812
Email : palacommunications@yahoo.com
Web : www. palaicom.com

---

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജനുവരി**

21 ● തോക്കുപാറ പള്ളിയുടെ 60-ാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച കൽക്കുരിശിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു.

22 ● മുപ്ലിയം പള്ളിയുടെ ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 ● കല്ലാനിക്കൽ സ്കൂളിൽ പുതുതായി അനുവദിച്ച പ്ലസ് ടു ബാച്ചിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

● MSJ സഭാംഗമായ സി. ലൂസിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് MSJ പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.



● ദീപിക ദിനപ്പത്രത്തിന്റെ ആഭിമുഖ്യത്തിൽ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന കർഷക സംഗമത്തിൽ പങ്കെടുത്തു.

24 ● വി. ചാവറ പിതാവിന്റെയും വി. എവുപ്രാസ്യാമ്മയുടെയും വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് വാഴക്കുളം കാർമ്മൽ സ്കൂളിൽ നടന്ന ചാവറ ഫെസ്റ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.

25 ● നാടുകാണി സെന്റ് തോമസ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ഇടവകയിൽ ആരംഭിച്ച സെന്റ് തോമസ് ഭവന പദ്ധതിയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു.

26 ● രൂപത മൈനർ സെമിനാരിയിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

● MSJ സഭാംഗമായ ഫാ. വിനീത് വടക്കേക്കര പ്രസിദ്ധീകരിച്ച 'അകലാത്ത സ്നേഹം' സിഡി പ്രകാശനം ചെയ്തു.

27 ● മൂന്നു നോമ്പ് തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് മർത്തമറിയം ഫൊറോന പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

28 ● മൂന്നു നോമ്പ് തിരുനാളിനോടനുബന്ധിച്ച് കടുത്തുരുത്തി പള്ളിയിൽ തിരുനാൾ സന്ദേശം നൽകി.

29 ● തൊടുപുഴ ടൗൺ പള്ളിയിൽ കുളപ്പുറം ഇടവകാംഗമായ ഏനാനിക്കൽ ശ്രീ. ഡീൻ കുര്യാക്കോസിന്റെ വിവാഹം ആശീർവദിച്ചു.

● ആലക്കോട് സെന്റ് തോമസ് മൂർ പള്ളിയുടെ സുവർണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

30 ● സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ഊന്നുകൾ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 ● കാഞ്ഞിരപ്പള്ളി അക്കര പള്ളിയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ഫെബ്രുവരി**

2 ● മൂവാറ്റുപുഴ നിർമ്മല കോളേജിൽ മോൺ. തോമസ് നെടുങ്കല്ലേൽ സ്മരണാർത്ഥം സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു.

● വാഴക്കുളം പള്ളിയുടെ 175-ാം വാർഷികാഘോഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

3 ● മുള്ളരിങ്ങാട് പള്ളിയിൽ പുതുക്കി നിർമ്മിച്ച മദ്ബഹായുടെ കൂദാശാകർമ്മം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

4 • വടാട്ടുപാറ ഇടവകാംഗമായ ശ്രീ. ഡെന്നി പള്ളിവാതുക്കലിന്റെ നാലാമത്തെ കുട്ടിയുടെ പ്രവേശകകൂദാശസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.
• സമർപ്പണ വർഷാചരണത്തെക്കുറിച്ച് ആലോചിക്കാൻ ബിഷപ്പ്സ് ഹൗസിൽ നടന്ന സന്യാസസഭാപ്രതിനിധികളുടെ യോഗത്തിൽ പങ്കെടുത്തു.
5 • SD പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
• ദൈവവിളി പ്രോത്സാഹനത്തെക്കുറിച്ച് ആലോചിക്കാൻ ചേർന്ന അസി. വികാരിമാരുടെ യോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.
• കർമ്മലീത്താ സന്യാസസഭാംഗങ്ങളായ 22 സഹോദരിമാരുടെ സുവർണ ജൂബിലിയോടനുബന്ധിച്ച് അവരെ സന്ദർശിച്ച് സന്ദേശം നൽകി.
• കാളിയാർ സി.എം.എൽ ശാഖ നിർമ്മിച്ച "കാസിയായിലെ വി. റീത്ത" എന്ന സിഡി പ്രകാശനം ചെയ്തു.
6 • അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കത്തീഡ്രലിൽ നടന്ന വി. കുർബാനയ്ക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും മുഖ്യ കാർമ്മികത്വം വഹിച്ചു.
7 • ആയവന സേക്രട്ട് ഹാർട്ട് എൽ.പി. സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും സ്കൂളിന്റെ ജൂബിലിയോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.
8 • രൂപത മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് മാസധ്യാനം നൽകി.
9 • മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ സന്ദർശനം നടത്തി.
10 • മൂവാറ്റുപുഴ NESTT-ൽ നടന്ന വൈദികസമ്മേളനത്തിൽ പങ്കെടുത്തു.
• മൂവാറ്റുപുഴ ജ്യോതിർഗമയയിൽ പുതുതായി ആരംഭിച്ച ലീഗൽ സെല്ലിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.
• വിജയപുരം ബിഷപ്പ്സ് ഹൗസിൽ നടന്ന മെത്രാൻമാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.
11 • കർമ്മലീത്താസഭാംഗമായ സി. നിർമ്മലയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് വാഴക്കുളം മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
• വാഴക്കുളം കൺവെൻഷനോടനുബന്ധിച്ച് കൺവെൻഷൻ നഗറിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
12 • കുറുപ്പംപടി മഠത്തിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു.
• കോളേജ് ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കമ്പ്യൂട്ടർവത്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് മൂവാറ്റുപുഴ നിർമ്മല കോളേജിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.



• പൈങ്ങോട്ടൂർ ഇടവകയിൽ സമർപ്പിത സംഗമത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
• രൂപത മൈനർ സെമിനാരിയിൽ സെന്റ് ജോസഫ്സ് ദിനത്തോടനുബന്ധിച്ച് നടത്തിയ മീറ്റിംഗിൽ പങ്കെടുത്തു.
13 • എഴുകുംവയൽ ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
14 • വാഴക്കുളം ഇടവകാംഗമായ ബ്ര. ഹിപ്പോളിറ്റസ് തടത്തിലിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു.
15 • മാതിരപ്പിള്ളിയിൽ പുതുക്കി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.
16 • വിഭൂതിയോടനുബന്ധിച്ച് കോതമംഗലം കത്തീഡ്രലിൽ നടന്ന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
17 • പുറപ്പുഴയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ് നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.
18 • ചിലവ് മരിയൻ നിവാസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.
19 • കോതമംഗലം സക്കറിയാസ് മഠത്തിൽ (SABS) പുതുക്കി നിർമ്മിച്ച ബലിപീഠത്തിന്റെ കൂദാശ നിർവഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.
20 • കോതമംഗലം വിമല ഹോസ്റ്റലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## Bishop's Engagements

**MARCH 2015**

| | | | | |
|---|---|---|---|---|
| 2 | Mon | Jubilee | Thodupuzha (Newman College) | 10.00 am |
| 3 | Tue | Meeting | Mount St. Thomas | 10.00 am - 4.00 pm |
| 4 | Wed | Qurbana | Pothanikad DM Convent | 6.45 am |
| 5 | Thu | Qurbana | Karimannoor | 10.00 am |
| 7 | Sat | Meeting | Muvattupuzha | 2.30 pm |
| | | Meeting | Vazhakulam | 4.30 pm |
| 8 | Sun | Qurbana | Vellarappilly | 9.30 am |
| 9 | Mon - Wed | Engaged | | |
| 10 | Tue | Monthly Recollection | NESTT | 9.30 am |

| | | | | |
|---|---|---|---|---|
| 14 | Sat | Meeting | Muvattupuzha | 2.30 pm |
| 15 | Sun | Pastoral Visit | Vadakode | 7.00 am |
| 18 | Wed | Qurbana | Muvattupuzha (Nirmala Sadan) | |
| 20 | Fri | Meeting | Cathedral | 10.00 am |
| 21 | Sat | Baptism | | |
| 22 | Sun | Engaged | | |
| 24 | Tue | Qurbana | Cathedral | 7.00 am |
| 24-26 | | Meeting | Kakkanad | |
| 27 | Fri | Qurbana & Blessing | Vadakkummury | 3.30 pm |
| | | Message | Mudanmudy | 5.30 pm |
| 28 | Sat | Baptism | Vazhakulam | 10.00 am |
| 29 | Sun | Qurbana | Rajagiri | 7.00 am |
| 31 | Tue | Interview | Minor Seminary | |

## സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ

### SD Provincial Council

Provincial Superior : Rev. Sr. Kochurani Nedumkallel SD

Councillors : Sr. Elsa Jose Pullan SD (Vicar Provincial)

: Sr. Ritty Nedumpuram SD (Finance)

: Sr. Thejas Monippillil (Social)

: Sr. Heislet Puthettu SD (Education)

Auditor : Sr. Sumy Rose Palathinkal SD

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ആന്റണി പുതുശ്ശേരി | ,, | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ,, | 06-04-1973 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ,, | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ,, | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ,, | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ,, | 17-04-1985 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ,, | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ,, | 25-04-1969 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ,, | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ,, | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ,, | 29-04-2001 |



## നിര്യാതയായി

### സി. നിർമ്മല CMC (വള്ളോംകോട്ട്)

ഇടവക : മാലിപ്പാറ

ജനനം : 22-05-1937

ആദ്യവ്രതം : 15-04-1963

നിത്യവ്രതം : 15-04-1967

മരണം : 09-02-2015

മൃതസംസ്കാരം : 11-02-2015 (വാഴക്കുളം മഠം)

## Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

### (Form IV See Rule 8)

1 Place of publication : Kothamanagalam - 686 691

2 Periodicity of its publication : Monthly

3 Printer's Name : Rev. Dr. George Thekkekara

Nationality : Indian

Address : Bishop's House Kothamangalam-686 691

4 Publisher's Name etc. : As in 3

5 Editor's Name etc. : As in 3

6 Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. : Diocese of Kothamangalam

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara (Publisher)

Date : 01-03-2015